بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 06-07

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഫെബ്രുവരി 10-17/ഹി.ശം. 1400 തബ്‌ലീഗ് 10-17/ഹിജ്റ 1443 റജബ് 8-15


## അല്ലാഹുവിന്റെ വചനം

وَمَنۡ یَّعۡمَلۡ مِنَ الصّٰلِحٰتِ مِنۡ ذَکَرٍ اَوۡ اُنۡثٰی وَھُوَ مُؤۡمِنٌ فَاُولٰٓئِکَ یَدۡخُلُوۡنَ الۡجَنَّۃَ وَلَا یُظۡلَمُوۡنَ نَقِیۡرًا ○

(سورۃ النساء:125)

സത്യവിശ്വാസിയായിരിക്കെ ആണിൽനിന്നും പെണ്ണിൽനിന്നും ആര് സുകൃതം പ്രവർക്കുന്നുവോ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കും. അവരോടും തരിമ്പും അനീതി കാണിക്കുകയില്ല. (4:125)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അഹ്മദിയ്യ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ വിജയകരവും അനുഗൃഹീതവുമായി നടന്ന 126-ാമത് ജൽസസാലാന

കോവിഡിന്റെ സമ്മർദത്തിലുള്ള മനസ്സുകളുടെ കേട് അകറ്റുകയും അല്ലാഹുവിന്റെ ഈ മുന്നറിയിപ്പിൽനിന്ന് മനുഷ്യൻ പാഠമുൾക്കൊള്ളുകയും ചെയ്യാതെ ഇതേ നടപ്പുതന്നെ തുടരുകയാണെങ്കിൽ വലിയ ഭയാനകമായ ഫലങ്ങളായിരിക്കുമുണ്ടാകുക.

ഇന്നു ഞാൻ ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമാധാനാധ്യാപനത്തിന്റെ കുറച്ചുവശങ്ങൾ വിവരിക്കുന്നതായിരിക്കും. അതനുസരിച്ച് കർമങ്ങൾ ചെയ്താൽ ലോകം സമാധാനത്തിന്റേയും ശാന്തിയുടേയും കളിത്തൊട്ടിലായിത്തീരുന്നതാണ്.

- ഇസ്‌ലാം പറയുന്നു: ഒരു കൂട്ടരും മറ്റൊരു കൂട്ടരുടെ മതസ്ഥാപകനെ ആക്ഷേപിക്കരുത്.
- മറ്റുള്ള മതങ്ങളെല്ലാം കളവാണെന്ന് ഇസ്‌ലാം പറയുന്നില്ല. എല്ലാ ജനതയിലും നബി വന്നിട്ടുണ്ടെന്ന് ഇസ്‌ലാം പറയുന്നു. വിശുദ്ധ ഖുർആനിലെ വചനമായ **വ ഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ** ന്റെ വെളിച്ചത്തിൽ ഒരു മുസ്‌ലിം ഹദ്റത്ത് ഈസായെ അല്ലെങ്കിൽ ഹിന്ദുക്കളുടെ അവതാരങ്ങളെ ആദരദൃഷ്ടിയോടെ നോക്കേണ്ടതാണ്.
- എല്ലാ മതാനുയായികളേയും എല്ലാ മതസ്ഥാപകരേയും ആദരിക്കാൻ ഇസ്‌ലാം പറയുന്നു.
- ഇസ്‌ലാമിനെ കുറിച്ച് അത് ഭീകരവാദമതമാണെന്നുള്ള തെറ്റായൊരു സങ്കല്പം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പ്രാരംഭകാലത്ത് ബലാൽക്കാരമായി മുസ്‌ലിമാക്കപ്പെട്ടു. വാസ്തവത്തിൽ ഇസ്‌ലാം അത് നിഷേധിക്കുന്നു.
- ഈ ലോകത്ത് വിശ്വസിക്കാത്ത കാരണത്താൽ ആർക്കും ഇസ്‌ലാം ശിക്ഷ വിധിച്ചിട്ടില്ല. ഇന്നും മുസ്‌ലിമീങ്ങളുടെ പ്രവൃത്തി ഈ അധ്യാപനമനുസരിച്ചാകുകയാണെങ്കിൽ ലോകർ ഇസ്‌ലാമിലേക്ക് ശ്രദ്ധിക്കുന്നതാണ്.
- ജനങ്ങളുടെ പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്. ശിക്ഷ കൊടുക്കുന്നതുകൊണ്ട് നന്നാകുമോ എന്ന് നോക്കേണ്ടതാണ്; അല്ലെങ്കിൽ മാപ്പുകൊടുക്കുന്നതുകൊണ്ട്! എന്തായാലും ഉദ്ദേശ്യം നന്നാക്കലായിരിക്കണം.
- എല്ലാതരത്തിലുള്ള കൊടുക്കൽ വാങ്ങലിലും ഇതരന്റെ അവകാശങ്ങൾ ശ്രദ്ധിക്കണമെന്ന് ഇസ്‌ലാം പറയുന്നു. അഹങ്കരിക്കരുതെന്നും ജനങ്ങളെ നിന്ദിതരും അപകൃഷ്ടരുമായി കാണരുതെന്നും ഇസ്‌ലാം പറയുന്നു. അഹങ്കരിച്ചുകൊണ്ട് യഥാർഥമായ ഒരു സ്ഥാനവും ലഭിക്കുകയില്ല. വിനയംതന്നെയാണ് യഥാർഥമായ നായകത്വം തരുന്നത്. ഇതേ നായകത്വമാണ് അനശ്വരമായ സമാധാനം സ്ഥാപിക്കുന്നതായി തീരുന്നത്.

പങ്കെടുക്കുന്നവർ ജൽസയുടെ ബർക്കത്തുകളും ഒപ്പം കൊണ്ടുപോകുന്നവരായിത്തീരണം. ലോകത്ത് എവിടെയൊക്കെ ഈ ജൽസാ പരിപാടി കേൾക്കുന്നവരുണ്ടോ അവർ ഒരു ആവേശവും വികാരവും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുന്നവരാകണം. തങ്ങളുടെ പ്രദേശത്ത് ഇസ്‌ലാമിന്റെ പരിശുദ്ധമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ഒരു വിപ്ലവമുണ്ടാക്കുന്നവരായിത്തീരുക.

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുൽതആലാ ബിനസ്രിഹിൽഅസീസ് ജൽസയിൽ പങ്കെടുത്തവരോടുചെയ്ത സമാപന പ്രഭാഷണം.**

❖കോവിഡു കാരണത്താൽ ഹുദൂറിന്റെ നിർദേശവും സർക്കാറിന്റെ നിയമങ്ങളുമനുസരിച്ച് പരിമിതമായ നിലയിൽ ജൽസ സംഘടിപ്പിച്ചു. ❖പക്ഷേ, തൽസമയ സ്ട്രീമിംഗ് മുഖേന വിശാലമായ നിലയിൽ ഫലങ്ങൾകൊയ്തു. തൽസമയ സ്ട്രീമിംഗ് മുഖേന ഒരു ലക്ഷത്തി ആറായിരത്തി നാല്പത്തിയാറാളുകൾ ജൽസാ പരിപാടി കാണുകയും കേൾക്കുകയും ചെയ്തു. ❖എട്ടു രാജ്യങ്ങളുടെ പ്രാതിനിധ്യം. ❖തഹജ്ജുദ് നമസ്കാരം. ❖ഖുർആനിക ദറസുകൾകൊണ്ടും ദൈവസ്മരണകൊണ്ടും നിറഞ്ഞ അന്തരീക്ഷം. ❖ആദരണീയരായ പണ്ഡിതന്മാരുടെ കടഞ്ഞെടുത്ത പ്രസംഗങ്ങൾ ❖ദേശീയഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ. ❖ജമാഅത്തംഗങ്ങളുടെ അറിവുകളിൽ വർധനയുണ്ടാക്കുന്നതിന് തർബിയ്യത്തുപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററികൾ. വിവിധ പ്രദർശനങ്ങൾ. ❖നിക്കാഹുകളുടെ വിളംബരം. ❖പ്രിന്റ് & ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ❖സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ പരിപാടികളുടെ പൂർണത.

റിപ്പോർട്ട്: ***മൻസ്വൂർ അഹ്മദ് മസ്റൂർ*** *(മുൻതളിം റിപ്പോർട്ടിംഗ്)*

**(അവസാന ഭാഗം)**

2021 ഡിസംബർ 25 ന് ശനിയാഴ്ച സ്ത്രീകളുടെ ജൽസ നടന്നു. ബുശ്റ ത്വയ്യിബ ഗോറി സാഹിബയുടെ അധ്യക്ഷതയിലാണ് പരിപാടി ആരംഭിച്ചത്. മുആവിന വാഖ്ഫാത്തെ നൗ ഖാദിയാൻ അമത്തുൽഹാദീ ശീരീൻ സാഹിബ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. അതിന്റെ തർജമയും കേൾപ്പിച്ചു. സെക്രട്ടറി തബ്‌ലീഗ് ലജ്ന ഇമാഇല്ലാഹ് ഭാരത് അമത്തുൽ ബാസിത്വ് ബുശ്റാ സാഹിബ 'തുജെ ഹംദോ ഥനാ സേബാ ഹെ പ്യാരേ'എന്നു തുടങ്ങുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം മനോഹരമായ ഈണത്തിൽ ആലപിച്ചു. ഈ പരിപാടിയിലെ ആദ്യ പ്രസംഗം ഭാഗൽപൂർ ജില്ലയുടേയും മോങ്കേർ ജില്ലയുടേയും നാഇബ് സ്വദ്ർ ദക്കിയ തസ്നീം സാഹിബയുടേതായിരുന്നു. 'ഇസ്‌ലാമിക കുടുംബജീവിതം ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ'എന്നതായിരുന്നു അവരുടെ വിഷയം. അതിനു ശേഷം 'തെരി മുഹബ്ബത്ത് മെ മേരേ പ്യാരേ ഹർ ഇക്

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

നമ്മുടെ എല്ലാ കർമങ്ങളുടേയുംമേൽ അല്ലാഹുവിന്റെ ദൃഷ്ടിയുണ്ട്. അതുകൊണ്ട് ഈ ലക്ഷ്യത്തെ നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അതായത് നമ്മൾ ചെയ്യേണ്ടതായ ഓരോ കർമവും അവന്റെ തൃപ്തിക്കുവേണ്ടി ചെയ്യേണ്ടതാണ്. നമ്മുടെ ചിന്ത ഇങ്ങനെയായിത്തീർന്നാൽ അപ്പോഴായിരിക്കും മനുഷ്യൻ അല്ലാഹുവിന്റെ ഫള്ലുകളുടെ യഥാർഥ അനന്തരാവകാശിയാകുന്നത്.

**തഹ്‌രീക്കെ വഖ്ഫുജദീദിന്റെ 64-ാം വർഷത്തിൽ ജമാഅത്തുകളുടെ ഭാഗത്തുനിന്ന് ഒരു കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തിയേഴായിരം പൗണ്ടിന്റെ അതുല്യമായ ത്യാഗം.**

അല്ലാഹു നമ്മുടെ മനസ്സുകളുടെ അവസ്ഥ അറിയുന്നു. നമ്മുടെ നിയ്യത്തുകൾ അറിയുന്നു.അതുകൊണ്ട് ആരാണ് വലിയ ത്യാഗം ചെയ്തത്, ആരാണ് ചെറിയ തുക നല്കിയത് എന്നവൻ നോക്കാറില്ല. അല്ലാഹു നിയ്യത്തനുസരിച്ചാണ് പ്രതിഫലം നല്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ദൈവിക വാഗ്ദാനങ്ങളനുസരിച്ച് സ്ഥാപിതമായ ഈ ജമാഅത്തിനെ സംബന്ധിച്ച് ഇത് ദുർബലമായിക്കൊണ്ടിരിക്കുന്നുവെന്ന് ആർക്കാണ് പറയാൻ കഴിയുക. ഈ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതുതന്നെ പുഷ്പിക്കാനും കായ്ക്കാനും വലുതാകാനുമാണ്. ശത്രുവിന്റെ ഒരു പ്രഹരത്തിനും ഇതിന് ഒരു പോറൽപോലും ഏല്പിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് കായ്ക്കുകയും പൂക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒട്ടനവധി സംഭവങ്ങളുണ്ട്. അല്ലാഹു സത്യമായ വാഗ്ദാനം ചെയ്യുന്നവനാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അദൃശ്യമായി സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് തന്റെ വഴിയിൽ ചെലവഴിക്കാൻ അല്ലാഹു നമുക്ക് അവസരം നല്കിക്കൊണ്ടിരിക്കുന്നു; അല്ലാഹുവിന്റെ ഫള്ലുകളുടെ അനന്തരാവകാശിയായിത്തീരുന്നതിന്!

**വഖ്ഫുജദീദിന്റെ 65-ാം വർഷ ഉൽഘാടന വിളംബരം. ചന്ദയുടെ ചെലവുകളും ലോകം മുഴുവനുമുള്ള അഹ്മദികളുടെ ധനത്യാഗവും.**

**ഖുത്ബ ജുമുഅ 2021 ഡിസംബർ 31/1400 ഫതഹ് 31, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
وَمَثَلُ الَّذِيْنَ يُنْفِقُوْنَ أَمْوَالَهُمُ ابْتِغَآءَ مَرْضَاتِ اللّٰهِ وَتَثْبِيْتًا مِّنْ أَنْفُسِهِمْ كَمَثَلِ جَنَّةٍ ۢ بِرَبْوَةٍ أَصَابَهَا
وَابِلٌ فَآتَتْ أُكُلَهَا ضِعْفَيْنِ ۚ فَإِنْ لَّمْ يُصِبْهَا وَابِلٌ فَطَلٌّ ۗ وَاللّٰهُ بِمَا تَعْمَلُوْنَ بَصِيْرٌ ○

ഈ ആയത്തിൽ, വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ പ്രീതി ആഗ്രഹിച്ച് ചെലവഴിക്കുന്നത് സംബന്ധിച്ച അവസ്ഥകളാണ് അല്ലാഹു കോറിയിടുന്നത്. അതായത് അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നു, അഥവാ അല്ലാഹുവിന്റെ കൽപനയനുസരിച്ച് അവന്റെ മാർഗത്തിൽ അവന്റെ പ്രീതിയും സന്തോഷവും കരസ്ഥമാക്കുന്നവരായി മാറുന്നു. രണ്ട്, തങ്ങളുടെ സമൂഹത്തെയും ദൗത്യത്തെയും കരുത്തുറ്റതാക്കി തീർക്കണം. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ അധ്യാപനവും പ്രചാരണവും വ്യാപിപ്പിക്കുന്നതിനുള്ള ദൗത്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെയാണ് ഏൽപിച്ചിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തെ അംഗീകരിക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദൗത്യം പൂർത്തിയാക്കുന്നതിന് ജീവനും സ്വത്തും സമയവും ത്യാഗം ചെയ്യേണ്ടത് അനിവാര്യമാണ്.

എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും ആഗതരായിട്ടുള്ള പ്രവാചകന്മാർ തങ്ങളുടെ അനുയായികളോട് സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'നിങ്ങൾക്കും ദീനീ സേവനം ചെയ്യാൻ ദീനി മാർഗത്തിൽ നിങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം കൊടുക്കേണ്ടതുണ്ട്. അപ്പോൾ മാത്രമെ യഥാർഥ ഈമാൻ മനസ്സിലാവുകയുള്ളു. വിശ്വാസി തീർച്ചയായും ദീനിനുവേണ്ടി സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്നതാണ്. ഈ ത്യാഗങ്ങളുടെ ഉദ്ദേശ്യം ആർക്കെങ്കിലും മേലുള്ള ഔദാര്യമല്ല. മറിച്ച് തങ്ങളുടെ ദൈവം ഏതെങ്കിലും വിധത്തിൽ തങ്ങളിൽ പ്രസാദിക്കണമെന്ന ആഗ്രഹവും തങ്ങളുടെ അന്തഃകരണത്തിന് ദൃഢത ലഭ്യമാകണമെന്നും തങ്ങളുടെ വിശ്വാസവും ദൃഢ ബോധ്യവും ശക്തവുമാക്കണമെന്നുമായിരിക്കും. നമ്മുടെ സമൂഹം അഭിവൃദ്ധിപ്പെടണമെങ്കിൽ നമുക്ക് സാധ്യമാകുന്നിടത്തോളം നമ്മുടെ സമ്പത്തുകൊണ്ടും ദുർബലരെ സുശക്തമാക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ മാത്രമേ ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ നമ്മൾ ഇക്കാലഘട്ടത്തിലെ ഇമാമിന്, നബി(സ)തിരുമേനിയുടെ സത്യദാസന് ബയ്അത്ത് ചെയ്തത് അത് കരസ്ഥമാക്കുന്നവരാകുകയുള്ളു.

ചുരുക്കത്തിൽ ഇത്തരമാളുകൾ തങ്ങളുടെ സ്വേച്ഛകൾക്കതീതമായിചിന്തിക്കുന്നു.അവരുടെ മനസ്സുകൾ അവരെ ത്യാഗങ്ങൾ ചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. പിന്നെ അവർ ത്യാഗങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നു. അല്ലെങ്കിൽ അതിനുവേണ്ടി പരിശ്രമിക്കുന്നു. തുടർന്ന് അല്ലാഹുവും അത്തരമാളുകളുടെ ത്യാഗങ്ങൾ സ്വീകരിക്കുന്നു. അവരെ തന്റെ അനുഗ്രഹങ്ങൾകൊണ്ട് കടാക്ഷിക്കുന്നു.

അല്ലാഹു നമ്മുടെ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനാണ്. നമ്മുടെ ഉദ്ദേശ്യങ്ങളെയും അവൻ അറിയുന്നു. അതുകൊണ്ടുതന്നെ അവനൊരിക്കലും ആരാണ് കൂടുതൽ കൊടുത്തത് അല്ലെങ്കിൽ കുറവ് കൊടുത്തത് അതുമല്ലെങ്കിൽ വലിയ തുക കൊടുത്തത് അതല്ല ചെറിയ തുക കൊടുത്തത് എന്ന് നോക്കുന്നില്ല. മറിച്ച് അല്ലാഹു ഉദ്ദേശ്യങ്ങൾക്ക്(നിയ്യത്ത്) അനുസരിച്ചാണ് പ്രതിഫലം നല്കുന്നത്! അതിനാൽ, അല്ലാഹു ഈ ആയത്തിൽ പറയുന്നു: അല്ലാഹുവിനുവേണ്ടി

ചെലവഴിക്കുന്നവരുടെ ഉദാഹരണം രണ്ടു വിധത്തിലാണ്. ഒന്ന് 'വാബിലുൻ' അതായത് വലിയതുള്ളികളുള്ള പെരുംമഴ. രണ്ടാമത്തേത് 'ത്വല്ലുൻ'. അതായത് ദുർബലവും നേർത്തതുമായ ചാറ്റൽ മഴ. അതല്ലെങ്കിൽ മഞ്ഞുതുള്ളി. കൂടുതൽ സൗകര്യങ്ങളുള്ളവർ ദീനിനുവേണ്ടി വലുതായി ചെലവഴിക്കുന്നു. അല്ലെങ്കിൽ അതിന് അവർക്ക് കഴിയുന്നു. എന്നാൽ, ദരിദ്രനായ വ്യക്തി അസ്വസ്ഥനാവുകയും ഇവരെല്ലാം സാമ്പത്തിക ത്യാഗം ചെയ്ത് മുന്നേറുന്നുവെന്നും ധനാഢ്യരായവർ വലിയ വലിയ തുകകൾ അലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച് അവന്റെ പ്രീതി നേടുന്നവരായി മാറുന്നുവെന്നും അവന്റെ സാമീപ്യം കരസ്ഥമാക്കുന്നവരായി തീരുന്നുവെന്നും അല്ലെങ്കിൽ അതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും അതുമല്ലെങ്കിൽ അങ്ങനെതന്നെ ആയി മാറിയെന്നും ചിന്തിച്ചേക്കാം. തന്റെ കൈയിലാണെങ്കിൽ നിസ്സാര തുകയാണുള്ളത്. തനിക്ക് എങ്ങനെയാണ് അവർക്ക് തുല്യനാകാൻ കഴിയുക? എന്നാൽ, അല്ലാഹു പറയുന്നു: 'വളക്കൂറുള്ള മണ്ണിന് ചെറിയ മഴയോ കോടമഞ്ഞോ ആയാൽ പോലും പ്രയോജനം ലഭിക്കുന്നതാണ്. അങ്ങനെ കഴിവുള്ള ആളുകളുടെ ചെറിയ ത്യാഗങ്ങൾ 'ത്വല്ലുൻ' എന്ന നിലയിലാണുള്ളത്. അവരുടെ ആ ചെറിയ ത്യാഗങ്ങളും പുഷ്പിക്കാനും കായ്ക്കാനും ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ത്യാഗങ്ങളുടെ ഫലം അല്ലാഹുവാണ് നൽകുന്നത്. എല്ലാ കർമത്തിന്റെയും ഫലം അല്ലാഹു തന്നെയാണ് നൽകുക. അല്ലാഹു നിങ്ങളുടെ അവസ്ഥകളും ഉദ്ദേശ്യങ്ങളും അറിയുന്നു എന്നിരിക്കെ അവൻ നിങ്ങളുടെ ചെറിയ ത്യാഗങ്ങളെയും ഇരട്ടിയോ അല്ലെങ്കിൽ അതിലധികമോ ഫലദായകമാക്കുന്നതാണ്.

നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു: 'ഇന്ന് ഒരു ദിർഹം ഒരു ലക്ഷം ദിർഹത്തെ കവച്ചുവെച്ചിരിക്കുന്നു.' സ്വഹാബത്ത് ചോദിച്ചു: 'യാ റസൂലല്ലാഹ്! അതെങ്ങനെയാണ്?' നബി(സ)തിരുമേനി പറഞ്ഞു: 'ഒരാളുടെ കൈവശം രണ്ടു ദിർഹമാണുണ്ടായിരുന്നത്. അതിൽനിന്ന് ഒരു ദിർഹം അയാൾ ത്യാഗം ചെയ്തിരിക്കുന്നു. മറ്റൊരാളുടെ കൈയിൽ ഒട്ടനവധി സമ്പത്തും സ്വത്തുക്കളുമുണ്ടായിരുന്നു. അയാൾ അതിൽ നിന്ന് ഒരു ലക്ഷം ദിർഹം ത്യാഗം ചെയ്തു. *(സുനനുന്നസാഇ, കിതാബുസ്സക്കാത്ത്, ഹദീഥ് നമ്പർ 2528)*

അയാളുടെ ഒരു ലക്ഷത്തിന്റെ ത്യാഗം അയാളുടെ സമ്പത്ത് വെച്ചുനോക്കുമ്പോൾ വളരെ കുറവായിരുന്നു. ചുരുക്കത്തിൽ അല്ലാഹു നിയ്യത്തുകൾക്കാണ് പ്രതിഫലം നൽകുന്നത്. ഏത് അവസ്ഥയിലാണോ കർമങ്ങൾ ചെയ്യപ്പെടുന്നത് അതിനാണ് പ്രതിഫലം നൽകപ്പെടുന്നത്. ദരിദ്രരെ സമാശ്വസിപ്പിച്ചുകൊണ്ടും പറയുന്നു: 'നിങ്ങളുടെ ത്യാഗങ്ങൾ ഒന്നുമല്ലെന്ന് കരുതേണ്ട. മറിച്ച് ഈ ചെറിയ ത്യാഗങ്ങളും നിങ്ങളുടെ വിശ്വാസങ്ങളെ സുദൃഢമാക്കുന്നിടത്ത് ജമാഅത്തിന്റെ സുഭദ്രതക്കും നിമിത്തമാകുന്നു. ചുരുക്കത്തിൽ അല്ലാഹുവിനുവേണ്ടി ഒരു ആവേശത്തോടെ അർപ്പിക്കപ്പെടുന്ന ത്യാഗങ്ങൾതന്നെയാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നത്. നമ്മുടെ എല്ലാ കർമങ്ങളുടേയുംമേൽ അല്ലാഹുവിന്റെ ദൃഷ്ടിയുണ്ട്. അതുകൊണ്ട് ഈ ലക്ഷ്യത്തെ നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അതായത് നമ്മൾ ചെയ്യേണ്ടതായ ഓരോ കർമവും അവന്റെ തൃപ്തിക്കുവേണ്ടി ചെയ്യേണ്ടതാണ്. നമ്മുടെ ചിന്ത ഇങ്ങനെയായിത്തീർന്നാൽ അപ്പോഴായിരിക്കും മനുഷ്യൻ അല്ലാഹുവിന്റെ ഫള്ലുകളുടെ യഥാർഥ അനന്തരാവകാശിയാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അനുയായികളിൽ ഭൂരിപക്ഷവും ദരിദ്രരായ ആളുകളായിരുന്നു. എന്നാൽ, ത്യാഗങ്ങളിൽ എത്രമാത്രം മുന്നേറിയിരുന്നുവെന്നാൽ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവരെ പ്രകീർത്തിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ കാണുന്നു, നമ്മുടെ ജമാഅത്തിൽ നൂറുക്കണക്കിനാളുകൾ പ്രവേശിച്ചിട്ടുണ്ട്. അവരുടെ ശരീരത്തിൽ ചുരുങ്ങിയ വസ്ത്രങ്ങൾ മാത്രമാണുള്ളത്. വളരെ പ്രയാസപ്പെട്ടാണ് അവർക്ക് പുതപ്പോ കുപ്പായമോ ലഭ്യമാകുന്നത്. അവർക്ക് ഒരുവിധ സ്വത്തുമില്ല. എന്നാൽ, അവരുടെ അനന്തമായ ആത്മാർഥതയും സ്നേഹവും കൂറുമുള്ള പ്രകൃതം ഒരു അത്ഭുതകരമായ അവസ്ഥയാണ് ഉണ്ടാക്കുന്നത്. അവരിൽനിന്ന് അത് സമയവും സന്ദർഭവുമനുസരിച് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ അതിന്റെ പ്രഭാവങ്ങൾ അവരുടെ വാദങ്ങളിൽ തെളിയുന്നു. അവർ തങ്ങളുടെ വിശ്വാസത്തിൽ എത്രമാത്രം ഉറച്ചവരും ദൃഢവിശ്വാസത്തിൽ എത്രമാത്രം സത്യസന്ധരും സത്യത്തിലും സ്ഥൈര്യത്തിലും എത്രമാത്രം ആത്മാർഥതയും കൂറുമുള്ളവരുമാണെന്നാൽ സാമ്പത്തികമുള്ളവർക്കും ഭൗതികാനന്ദത്തിൽ കഴിയുന്നവർക്കും ഈ ആനന്ദത്തിന്റെ തിരിച്ചറിവ് ഉണ്ടാവുകയാണെങ്കിൽ അതിന് പകരമായി എല്ലാംതന്നെ ത്യജിക്കാൻ തയ്യാറാകുന്നതാണ്.' *(മൽഫൂദാത്ത് വാള്യം 10, പേജ് 306-307)*

മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'ജമാഅത്തിൽ ആത്മാർഥതയുടെടേയും സ്നേഹത്തിന്റേയും വലിയ പ്രകടമായ അഭിവൃദ്ധി ഉണ്ടായതായി നാം കാണുന്നു. ചില സമയത്ത് ജമാഅത്തിന്റെ ആത്മാർഥ സ്നേഹവും വിശ്വാസാവേശവും കാണുമ്പോൾ നമുക്കുതന്നെ അത്ഭുതം തോന്നുന്നു. എത്രത്തോളമെന്നാൽ എതിരാളികളും അത്ഭുതപ്പെട്ടു പോകുന്നു.' *(മൽഫൂദാത്ത് വാള്യം 10, പേജ് 334)*

ചുരുക്കത്തിൽ കൂറിലും ആത്മാർഥതയിലും അഭിവൃദ്ധിയും വിശ്വാസാവേശത്തിലുള്ള അനിതരസാധാരണമായ നിലവാരവും കർമ രൂപത്തിൽ ഇന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിലെ അംഗങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നു. എന്നുമാത്രമല്ല ആത്മാർഥതയുടേയും കൂറിന്റേയും അഭിവൃദ്ധി പുതുഅഹ്മദികളിലും എത്രത്തോളം മുണ്ടെന്നാൽ അവരുടെ തർബിയ്യത്തിന് കുറച്ചു കാലമേ ആയിട്ടുള്ളു. എങ്കിൽപ്പോലും അവർ കൈവരിച്ച പുരോഗതി കാണുമ്പോൾ അത്ഭുതം തോന്നുന്നു. നബി(സ)തിരുമേനിയുടെ സത്യദാസനോടുള്ള സ്നേഹബന്ധത്തിന്റേയും ഖിലാഫത്തിനോടുള്ള കൂറിന്റേയും ആത്മാർഥതയുടെയും നിലവാരം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ശത്രുവിനെപ്പോലും അത്ഭുതപ്പെടുത്തുന്നു. എന്തുകാര്യമാണ് ഈ മാറ്റത്തിന് നിദാനമായത്? ഇത് തീർച്ചയായും അല്ലാഹുവിന്റെ പ്രത്യേകമായ ഫള്ലാകുന്നു. അത് അല്ലാഹു അവരുടെ ശുദ്ധ പ്രകൃതവും സൗഭാഗ്യാവസ്ഥയും കണ്ടുകൊണ്ട് അവർക്കുമേൽ വർഷിച്ചതാണ്.

ഈ സൽപ്രകൃതവും ശുദ്ധമനസ്കതയും ബയ്അത്തിന്റെ കടമകൾ നിറവേറ്റാനുള്ള താൽപര്യവും കാലത്തിന്റെ ഖലീഫയോടുള്ള കൂറിന്റെ പ്രകടനവും അവരുടെ വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്ന് ലോകം, ഭൗതികതയിൽ ആണ്ടുകൊണ്ടിരിക്കുമ്പോൾ ഇവർ ദൈവപ്രീതി കരസ്ഥമാക്കാൻ വേണ്ടി സാമ്പത്തിക ത്യാഗം ചെയ്ത് പരപസ്പരം മുന്നേറാൻ പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. കാരണം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഒരു വഴി അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെന്ന് ഇവർ തിരിച്ചറിഞ്ഞിരിക്കുന്നു. ആയതിനാൽ ഇന്ന് അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ദൈവിക വാഗ്ദാനങ്ങളനുസരിച്ച് സ്ഥാപിതമായ ഈ ജമാഅത്തിനെ സംബന്ധിച്ച് ഇത് ദുർബലമായിക്കൊണ്ടിരിക്കുന്നുവെന്ന് ആർക്കാണ് പറയാൻ കഴിയുക.

ഈ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതുതന്നെ പുഷ്പിക്കാനും കായ്ക്കാനും വലുതാകാനുമാണ്. ശത്രുവിന്റെ ഒരു പ്രഹരത്തിനും ഇതിന് ഒരു പോറൽപോലും ഏല്പിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് കായ്ക്കുകയും പൂക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സാമ്പത്തിക ത്യാഗങ്ങളെ കുറിച്ചാണ് പറഞ്ഞു വരുന്നത്. എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്തുകൊണ്ട് ജനങ്ങൾ അവരുടെ വിശ്വാസവും ദൃഢബോധ്യവും വെളിപ്പെടുത്തുന്നതെന്നും, പിന്നെ അല്ലാഹു എങ്ങനെയാണ് അവരുടെ വിശ്വാസങ്ങളെ ദൃഢഗാഢമാക്കുന്നതെന്നുമുള്ള ചില സംഭവങ്ങൾ സമർപ്പിക്കാം.

ആഫ്രിക്കൻ രാജ്യമായ സിയറ ലിയോൺ(Sierra Leone)നിലെ, വിദൂര പ്രദേശത്തുള്ള ഒരു വ്യക്തിയെ സംബന്ധിച്ച് അവിടെയുള്ള ലോക്കൽ മിഷണറി സാഹിബ് വിവരിക്കുന്നു: 'അദ്ദേഹം പര്യടനത്തിന് പോയപ്പോൾ മാസാവസാനമായിരുന്നു. അവിടെ ഒരു ജമാഅത്തിലെ ആളുകളോടു വഖ്ഫുജദീദിനെ കുറിച്ച് പറഞ്ഞു. ആളുകളെല്ലാം മസ്ജിദിൽത്തന്നെ ഉണ്ടായിരുന്നു. അദ്ദേഹം ഇതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചപ്പോൾ അവിടെയുള്ള ഇമാം ശെയ്ഖ് ഉഥ്മാൻ നേരത്തെ സ്വരൂപിച്ച് വെച്ചിട്ടുണ്ടായിരുന്ന തുക ചന്ദ കൊടുത്തിട്ട് പറഞ്ഞു; 'ഞങ്ങൾക്ക് വാഗ്ദാനം പൂർത്തീകരിക്കാൻ സാധിച്ചില്ല. ഞങ്ങളുടെ ഹൃദയാഭിലാഷം ഞങ്ങളുടെ ടാർജെറ്റും വാഗ്ദാനവും പൂർത്തിയാക്കണമെന്നാണ്. പക്ഷേ, ഒരു മാർഗവും കാണുന്നില്ല. ഏതായാലും താങ്കൾ ദുആ ചെയ്യുക എന്ന് മുഅല്ലിമിനോട് പറഞ്ഞു.' ലോക്കൽ മിഷണറി പറയുന്നു: 'ഞാൻ ദുആ ചെയ്യിച്ചു. എല്ലാവരും ഉച്ചത്തിൽ ആമീൻ പറഞ്ഞു.' പിന്നെ ഞാൻ എന്റെ മോട്ടോർ സൈക്കിളിൽ മിഷനിലേക്കെത്തുകയും ചെയ്തു. പറയുന്നു: ഞാൻ മിഷൻ ഹൗസിൽ എത്തുന്നതെ ഉണ്ടായിരുന്നുള്ളു. എനിക്ക് ഇമാം സാഹിബിന്റെ ഫോൺ വന്നു. ഞാൻ മിഷൻ ഹൗസിൽ താങ്കളെ കാണാൻ വരികയാണ്. ഞാൻ അത്ഭുതപ്പെട്ടു. ഞാനിപ്പോൾ അവിടെ നിന്നു വരികയാണ്. അപ്പോൾതന്നെ ഫോണും

വന്നിരിക്കുന്നു. ആ ലോക്കൽ ഇമാം എന്റെ അടുത്തെത്തി പറഞ്ഞു: 'നമ്മൾ ദുആ ചെയ്തതിന് ഫലമുണ്ടായിരിക്കുന്നു. കുറച്ച് സമയത്തിനകം എന്റെ ഒരു ബന്ധു വന്നു. തന്റെ പോക്കറ്റിൽ കൈയിട്ട് ഒരു ലക്ഷം ലിയോൺ എന്റെ കൈയിൽ വെച്ചു. ഏതോ ഒരു ആവശ്യത്തിനുവേണ്ടി എന്നോട് ദുആ ചെയ്യാനും പറഞ്ഞു.' പറയുന്നു: 'ഇത് കണ്ടപ്പോൾ ഞാൻ അവിടെതന്നെ അല്ലാഹു അക്ബർ എന്ന് ഉറക്കെ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. ആഗതൻ വളരെ അത്ഭുതപ്പെട്ടു. ഇത് നിനക്കെന്താണ് പറ്റിയത്? ഞാൻ പറഞ്ഞു: 'ഞങ്ങൾക്ക് വഖ്ഫുജദീദിൽ ഒരു വാഗ്ദാനമുണ്ടായിരുന്നു. അതിൽ കുറച്ച് തുക ബാക്കിയാണ്. ഞങ്ങളിപ്പോൾ ദുആ ചെയ്ത് വിരമിച്ചതേയുള്ളൂ. അല്ലാഹു താങ്കളെ അയച്ചു. ഈ തുക എനിക്കയച്ചുതന്നു. ആ ഇമാം ശെയ്ഖ് ഉഥ്മാൻ, പ്രസ്തുത മുഴുവൻ തുകയും അതായത് ഒരു ലക്ഷം ലിയോൺ ഉണ്ടായിരുന്നു, ഉടൻതന്നെ വന്ന് വഖ്ഫുജദീദിന്റെ ചന്ദയിൽ അടച്ചു. ആ തുക അവരെ സംബന്ധിച്ചിടത്തോളം വലിയൊരു തുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം വളരെ ചെറിയ സംഖ്യയാണ്. അത് മാറ്റം ചെയ്താൽ കേവലം ആറര പൗണ്ടാണ് വരുന്നത്. പക്ഷേ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു ത്യാഗമായിരുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചടുപ്പിക്കുന്നു. വന്ന സംഖ്യ അദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്നിട്ടുകൂടി തന്റെ പക്കൽ വെക്കാതെ കൊണ്ടുവന്ന് ഉടൻതന്നെ അടച്ചത് അദ്ദേഹത്തിന്റെ ആത്മാർഥതയാണ്. ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ തന്നെയാണ് ഒരു ദിർഹം ഒരു ലക്ഷം ദിർഹത്തെ കവച്ചുവെക്കുന്നത്.

തീർച്ചയായും അല്ലാഹു അദ്ദേഹത്തിനുമേൽ തന്റെ സ്നേഹ കടാക്ഷം ചൊരിഞ്ഞിട്ടുണ്ടാകും. ഇനി നോക്കുക ത്യാഗത്തിന്റെ നിലവാരം ഒരു സ്ഥലത്ത് മാത്രമല്ല, പുരുഷന്മാരിൽ മാത്രമല്ല, സ്ത്രീകളിലും കാണാൻ കഴിയുന്നുണ്ട്.

ഛാഡ്(Chad) ഒരു രാജ്യമാകുന്നു. അവിടെയുള്ള മുബല്ലിഗ് പറയുന്നു: ഇവിടെയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ വലിയ ആത്മാർഥരായ ആളുകൾ ജമാഅത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഛാഡ്(Chad) ജമാഅത്തിലെ ഭൂരിപക്ഷവും നവാഗതരാണ്. അവിടെയുള്ള ഉമ്മുഹാനി എന്ന വനിതാ മെമ്പർ എഴുപതിനായിരം ഫ്രാങ്ക് സിഎഫ്എ വഖ്ഫുജദീദിൽ വാഗ്ദാനം ചെയ്തു. എന്നാൽ, ഒന്നും കോടുക്കാൻ കഴിഞ്ഞിരുന്നില്ല. അവരുടെ പക്കൽ ഒരു ഒട്ടകമുണ്ടായിരുന്നു. ആ ഒട്ടകത്തെ ഒരു ലക്ഷത്തി എഴുപത്തിനായിരത്തിന് വിൽക്കുകയും വഖ്ഫുജദീദ് വാഗ്ദാനം നിറവേറ്റുകയും ചെയ്തു. ബാക്കിയുള്ള തുക തന്റെ കൈയിൽ വെച്ചതുമില്ല. അതും വിവിധ ചന്ദകളിൽ കൊടുക്കുകയുണ്ടായി.

ടോഗോ(Togo) എന്ന രാജ്യത്ത് ഇബ്റാഹീം എന്നൊരു അഹ്മദിയുണ്ട്. അദ്ദേഹത്തിന് മറ്റുള്ളവരുടെ മൃഗങ്ങളെ മേയ്ക്കുന്ന ജോലിയാണ്. ആടുകളെയും മറ്റും മേയ്ക്കുന്നു. വരുമാനമനുസരിച്ച് വളരെ നല്ല രീതിയിൽ ത്യാഗവും ചെയ്യുന്നുണ്ട്. അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, വാഗ്ദാനം നിറവേറ്റാൻ കഴിഞ്ഞില്ല. അടുത്തുതന്നെ പുഴയുണ്ട്. പുഴയിൽനിന്ന് മണൽ വാരിക്കൊണ്ട് പോകാറുണ്ട്. അദ്ദേഹം പിന്നീടെന്താണ് ചെയ്തത്? രാത്രി കൂലിപ്പണി ചെയ്ത്, രണ്ട് ട്രക്ക് മണൽ നിറച്ചു. അതിൽ നിന്ന് കിട്ടിയ വരുമാനം വഖ്ഫു ജദീദ് ചന്ദയിൽ കൊടുക്കുകയും ചെയ്തു. എന്തിനാണ് ഇത്ര കഠിനാധ്വാനം ചെയ്തത്. ഇത്രയും കഠിനാധ്വാനത്തിനു ശേഷവും ഒരു പൈസയുംപോലും തന്റെ കൈയിൽ വെക്കാതെ അല്ലാഹുവിന്റെ പ്രീതി സംപ്രാപ്തമാകാൻവേണ്ടി മാത്രമാണ് അങ്ങനെ ചെയ്തത്. അദ്ദേഹത്തിന് അതെക്കുറിച്ച് തിരിച്ചറിവ് ലഭ്യമായിരിക്കുന്നു.

ഇത് സ്ത്രീകളുടെയും പുരുഷന്മാരുടെയും അല്ലെങ്കിൽ പ്രായമുള്ള ആളുകളുടെ മാത്രം കാര്യമല്ല. യുവത്വത്തിലേക്ക് ചുവടുവെക്കുന്ന കുട്ടികളുടെ അവസ്ഥയും ഇതുതന്നെയാണ്. ബെലീസ്(Belize) സെൻട്രൽ അമേരിക്കയിലെ ഒരു രാജ്യമാകുന്നു. ഇവിടെനിന്ന് ആയിരക്കണക്കിന് മൈൽ ദൂരത്തുള്ള സ്ഥലമാണ്. അവിടെ കാലത്തിന്റെ ഖലീഫ ഒരിക്കലും പോയിട്ടില്ല. എല്ലാവരും പുതിയ അഹ്മദികളാണ്. പക്ഷേ, ചിന്താഗതികളെല്ലാം സമാനമാകുന്നു.

ആഫ്രിക്കയുടേതാണെങ്കിലും അമേരിക്കയുടേതാണെങ്കിലും ദ്വീപുകളുടേതാണെങ്കിലും ഏഷ്യയുടേതാണെങ്കിലും ഒരേ ചിന്താഗതി തന്നെയാണുള്ളത്. ഈ വിപ്ലവം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉണ്ടാക്കിയതാണ്. സംഭവം എന്തെന്നാൽ, പതിനാലു വയസ്സുള്ള ഒരു കുട്ടി തഹ്രീക്കെജദീദ് ചന്ദ കൊടുത്തിരുന്നു. അതിനെക്കുറിച്ച് ഞാൻ ഇവിടെ വിവരിച്ചിട്ടുമുണ്ടായിരുന്നു. അപ്പോൾ ആളുകൾ ആ കുട്ടിക്ക് ഒരുപാട് ആശംസകൾ നേർന്നു. കനഡയിലുള്ള ആരോ ആ കുട്ടിക്ക് 200 ഡോളർ ഉപഹാരം അയക്കുകയും ചെയ്തു; നീ വലിയ ത്യാഗമാണ് ചെയ്തത്, അതുകൊണ്ട് ഇതെന്റെ വക സമ്മാനമാണെന്ന് പറഞ്ഞ്! ആ കുട്ടിയുടെ അവസ്ഥ നോക്കുക. യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുന്ന പതിനാലു വയസ്സുള്ള കുട്ടിയാണ്. ഇവിടെയാണെങ്കിൽ ഉടൻതന്നെ ഗെയിമുകൾ വാങ്ങാൻ ആണ് താൽപര്യം കാണിക്കാറുള്ളത്. എന്നാൽ, അവൻ പറഞ്ഞു: എനിക്കെന്റെ സോഷ്യൽ സെക്യൂരിറ്റി കാർഡ് ഉണ്ടാക്കേണ്ടതുണ്ട്. അതിന് എനിക്ക് മുപ്പത് ഡോളർ ആവശ്യമാണ്. അതിനുവേണ്ടി മുപ്പത് ഡോളർ ഞാൻ വെക്കുന്നു. ബാക്കി നൂറ്റി എഴുപത് ഡോളർ ചന്ദ കൊടുക്കുകയാണ്. പാവപെട്ട വീട്ടിലെ കുട്ടിയാണ്. ഈ പൈസ നീ തന്നെ വെച്ചോ എന്നും നിന്റെ ആവശ്യത്തിന് ചെലവഴിച്ചോ എന്നും നിർബന്ധപൂർവം അവനോട് പറയുകയും ചെയ്തു. പക്ഷേ, അവൻ വളരെ നിർബന്ധപൂർവം ആ മുഴുവൻ തുകയും ചന്ദയിൽ കൊടുത്തു. ഇതാണ് ദീനിനെ ദുൻയാവിനുമേൽ മുന്തിക്കൽ. അല്ലാഹു ഈ ചിന്ത ഈ കുട്ടിയിൽ എപ്പോഴും നിലനിറുത്തുമാറാകട്ടെ. ഭൗതികതയുടെ ചുറ്റുപാടുകളിൽനിന്നു അല്ലാഹു ആ കുട്ടിയെ രക്ഷിക്കുമാറാകട്ടെ.

ജമൈക്ക(Jamaica)എന്നൊരു രാജ്യമുണ്ട്. അവിടുത്തെ ഒരു ഖാദിമാണ് യാസീൻ സാഹിബ്. നീണ്ടകാലമായി അദ്ദേഹത്തിന് ജോലി ഒന്നുമുണ്ടായിരുന്നില്ല. വഴിയോരത്ത് ടോഫി, ചോക്ലേറ്റ് തുടങ്ങിയ എന്തെങ്കിലും ചെറിയ സാധനങ്ങൾ വിറ്റാണ് ജീവിച്ചിരുന്നത്. പക്ഷേ, ഈ അവസ്ഥയിലും തനിക്കും എന്തെങ്കിലും ധനത്യാഗം ചെയ്യണമെന്ന ചിന്തയുണ്ടായിരുന്നു. വഖ്ഫെ ജദീദ് ചന്ദയിൽ ഞാൻ വാഗ്ദാനം ചെയ്തിരുന്നു. വർഷം അവസാനിക്കാൻ പോകുകയാണ്. എന്റെ കൈയിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഒടുവിൽ ഒരു ദിവസം വൈകിട്ട് അതായത് ഡിസംബർ മാസത്തിന്റെ ഏറ്റവും അവസാനം മിഷണറിയുടെ അടുത്തുവന്നു പറഞ്ഞു: 'ഇന്ന് 400 ജമൈക്കൻ ഡോളർ വരുമാനമുണ്ടായിട്ടുണ്ട്. അതിൽനിന്ന് 25% മാറ്റി 100 ഡോളർ വഖ്ഫെ ജദീദ് ചന്ദ ഞാൻ നല്കുന്നു.'

ഇനി ഒരു ദരിദ്രരാജ്യത്തിലെ അഹ്മദിയുടെ ആത്മാർഥതയുടേയും കൂറിന്റേയും അല്ലാഹുവിന്റെ തൃപ്തിയും സ്നേഹവും കരസ്ഥമാക്കാനുള്ള വികാരത്തിന്റേയും അനിതരസാധാരണമായ മാതൃക നോക്കുക. പൊതുവിൽ എല്ലാവരും പറയുന്നത് ഇവർ നിരക്ഷരരായ ദരിദ്രജനങ്ങളാണെന്നാണ്. എന്നാൽ, ഇവർ വിദ്യാഭ്യാസമുള്ള ആളുകളെക്കാൾ കൂടുതൽ ദീനീ പരിജ്ഞാനമുള്ളവരാണ്. സമൃദ്ധമായ മനസ്സുള്ളവരാണ്. ഗിനികൊണാക്രി(Guinea Conakry)എന്ന രാജ്യത്തെ മുബല്ലിഗ് ഇൻചാർജ് പറയുന്നു: വഖ്ഫെ ജദീദിന്റെ സാമ്പത്തിക വർഷത്തിലെ അവസാന പത്തിൽ വഖ്ഫു ജദീദിന്റേ പ്രാധാന്യത്തേയും അതിന്റേ അനുഗ്രഹത്തേയും സംബന്ധിച്ച് ഖുത്ബ നല്കി. ഞാൻ വിവിധ സന്ദർഭങ്ങളിൽ നില്കിയിരുന്ന ഖുത്ബകളിൽനിന്നുള്ള ഉദ്ധരണികളും കേൾപ്പിച്ചു. ധനത്യാഗത്തെപറ്റി ഉപദേശിക്കുകയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു. പറയുന്നു: ഖുത്ബ തീർന്നപ്പോൾ ദരിദ്രനും അങ്ങേയറ്റം ആത്മാർഥതയുമുള്ള അഹ്മദി മൂസാ സാഹിബ് തന്റെ കീശയിലുണ്ടായിരുന്ന തുക ഏകദേശം രണ്ടുലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറു ഫ്രാങ്ക്ഗിനി എടുത്ത് വഖ്ഫെ ജദീദിൽതന്നു. ഞാൻ ചോദിച്ചു: വലിയ തുകയാണ് നിങ്ങൾ തന്നിരിക്കുന്നത്? കഴിഞ്ഞ വർഷവും വലിയ തുക തന്നിരുന്നു. ഇതിനു കാരണമെന്താണ്? അപ്പോൾ അദ്ദേഹം പറഞ്ഞു:'ഒരാളുടെ മനസ്സിൽ രണ്ടു സ്നേഹം ഒരുമിച്ചുകൂടുക എന്നത് അസംഭാവ്യമാണെന്ന് ഖലീഫത്തുൽ മസീഹ് പറഞ്ഞത് എന്റെ മനസ്സിൽ ആണിയടിച്ചതുപോലെ ഇരിക്കുന്നുണ്ട്. ഒന്നുകിൽ അല്ലാഹുവിനോടുള്ള സ്നേഹം വെച്ചു പുലർത്തുക. അല്ലെങ്കിൽ ധനത്തോടു! ഇക്കാരണത്താൽ സന്ദർഭം കിട്ടുമ്പോഴൊക്കെ എന്റെ കർമത്തിലൂടെ അതു പ്രകടിപ്പിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. അദ്ദേഹം പറയുന്നു:എന്റെ ഈമാൻ ഹദ്റത്ത് അബൂബക്റിന്റേതുപോലൊന്നുമാകാൻ പോകുന്നില്ല. അതായത് വീട്ടിലുള്ളതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതുപോലെയാകാൻ നിവൃത്തിയില്ല. പക്ഷേ, കൈയിലുള്ള സമ്പത്ത് മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുക്കാൻ കഴിയുമല്ലോ! അല്ലാഹു എനിക്കു അബൂബക്റിന്റേതുപോലുള്ള ഈമാൻ നല്കുന്നതിന് ഞാൻ ദുആയ്ക്കു അപേക്ഷിക്കുകയാണ്. മറ്റൊരു കാരണം ഞാൻ സാമ്പത്തിക ത്യാഗത്തിൽ ഭാഗഭാക്കാകാൻ തുടങ്ങിയപ്പോൾ അല്ലാഹു എന്നെ വിശ്വാസത്തിന്റെ സമ്പത്തിനാൽ ധനാഢ്യനാക്കിയിരിക്കുന്നു. എന്റെ വിശ്വാസത്തിലും വർധനയുണ്ടായിരിക്കുന്നു. എനിക്ക് അസാധാരണമായ മാറ്റം അനുഭവിക്കാൻ കഴിയുന്നു. ഇതാണ് ആ തിരിച്ചറിവും ചിന്തയും. എഴുത്തും വായനയും അറിയുന്ന ഒരുപാടാളുകളിൽ ഇതു കാണുകയില്ല. ഈമാനിൽ അഭിവൃദ്ധിപ്പെടു

ന്ന അവസരം എങ്ങനെയാണുണ്ടാകുന്നത് എന്നതിനെ സംബന്ധിച്ച് മറ്റൊരു സംഭവമുണ്ട്. ഗിനികൊണാക്രി(Guinea Conakry)എന്ന രാജ്യത്ത് ആത്മാർഥതയും സാമ്പത്തികമായി കഴിവുമുള്ള ഒരു അഹ്മദിയുണ്ട്;അൽഹസൻ സാഹിബ്. അദ്ദേഹം പറയുന്നു:ഞാൻ ചന്ദയുടെ തുക കവറിലിട്ട് മേശപ്പുറത്ത് വെച്ചു. കച്ചവടമാണ് അദ്ദേഹം ചെയ്യുന്നത്. തിരക്കു കാരണത്താൽ മിഷനിലേക്ക് കൊടുത്തയക്കാൻ കഴിഞ്ഞില്ല. പെട്ടെന്ന് ഓർമവന്നപ്പോൾ ആ തുക മിഷൻഹൗസിൽ കൊടുക്കാൻ ഡ്രൈവറുടെ കൈയിൽ കൊടുത്തു. ചന്ദ കൊടുത്തുവരാൻ അയാളെ മിഷൻ ഹൗസിലേക്ക് പറഞ്ഞുവിട്ടു. ഞാനെന്തോ ആവശ്യത്തിന് പുറത്തുപോകുകയും ചെയ്തു. ഇതേ അവസരത്തിൽ പുറത്തുപോയപ്പോൾ അയൽവാസിയുടെ ഓഫീസിൽ തീപിടിത്തമുണ്ടായി. എല്ലാം കത്തിച്ചാമ്പലായി. എനിക്കു ഫോൺകാൾ വരാൻ തുടങ്ങി. നിങ്ങളുടെ ഓഫീസിൽ തീപിടിത്തമുണ്ടായിരിക്കുന്നു! അങ്ങനെ ഞാൻ വേഗം തിരിച്ചെത്തി. അദ്ദേഹം പറയുന്നു: അതെങ്ങനെ സംഭവിക്കാനാണ്? ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ സാമ്പത്തികത്യാഗം ചെയ്യുന്നുണ്ടല്ലോ? അല്ലാഹുവിന്റെ ദൃഷ്ടാന്തം നോക്കുവിൻ! ചുമരുകൾ കൂടിച്ചേർന്ന് നിന്നിട്ടുകൂടി എന്റെ ഓഫീസ് പൂർണമായും സുരക്ഷിതമായിരുന്നു. ആ ഓഫീസിൽ അപ്പോൾ കമ്പനിയുടെ ഒരു വലിയ തുകയുമുണ്ടായിരുന്നു. അതുമായി ചേർന്നിരുന്ന രണ്ടു ഓഫീസുകളാണ് കത്തിച്ചാമ്പലായത്. പക്ഷേ, ഇദ്ദേഹത്തിന്റെ ഓഫീസ് സുരക്ഷിതമായിരുന്നു. അപ്പോൾ എനിക്ക് പെട്ടെന്ന് ഓർമ വന്നത്, ഇതു ചന്ദയുടെ അനുഗ്രഹമാണെന്നാണ്. അവരിൽ അറിവുമുണ്ട്. അറിവില്ലെന്നല്ല. അദ്ദേഹം പറയുന്നു: അതിനോടൊപ്പം എന്റെ ചിന്ത ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഈ ഇൽഹാമിലേക്ക് തിരിഞ്ഞു. അഗ്നി നിന്റെ അടിമയാണ്, എന്നല്ല അടിമകളുടെ അടിമയാണ്. എന്തായാലും പറയുന്നു:ഇപ്രകകാരം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിസാരനായ ഒരു അടിമയേയും നഷ്ടത്തിൽനിന്ന് സുരക്ഷിതനാക്കിവച്ചു.

ഗാംബിയ(Gambia)അമീർ സാഹിബ് ഒരു സംഭവം വിവരിക്കുന്നു: നമ്മുടെ റീജ്യണിലെ ഒരു ജമാത്തിലെ മുഅല്ലിം സാഹിബ് പറയുന്നു: ഞങ്ങളുടെ ജമാഅത്തിലെ സാംബൗ ബാഹ്(SambouBah)സാഹിബ് കഴിഞ്ഞ വർഷം വഖ്ഫു ജദീദിനെ കുറിച്ച് ഞാൻ ചെയ്ത ഒരു ഖുത്ബ കേട്ടു. ഞാൻ പുതുവത്സര വിളംബരം നടത്തുകയും സംഭവങ്ങൾ കേൾപിക്കുകയും ചെയ്തപ്പോൾ അദ്ദേഹം 500 ഡലാസി(Dalasi) കൊടുക്കകയുണ്ടായി. അദ്ദേഹം പറയുന്നു: അല്ലാഹു എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ ആ വർഷം അദ്ദേഹത്തിന്റെ കൃഷി ഇരട്ടിയായി വർധിച്ചു. 500 ഡലാസിയാണ് വാഗ്ദാനം ചെയ്തിരുന്നത്. പക്ഷേ, കൊടുത്തപ്പോൾ 1000 ഡലാസി കൊടുത്തു. കൃഷിയിൽനിന്നുണ്ടായ വരുമാനത്തിൽ അദ്ദേഹം 10 ബണ്ടിൽ ബാജിറയുടെ സക്കാത്തു കൊടുത്തു. ആ വർഷം എത്രത്തോളം വരുമാനമുണ്ടായെന്നാൽ 50 ബണ്ടിലാണ് നല്കിയത്. നിലക്കടലയുടെ സക്കാത്തും രണ്ടുചാക്കോ മറ്റോ നല്കി. പറയുന്നു: ചന്ദയിൽ കൃത്യനിഷ്ഠയുള്ള അഹ്മദി സഹോദരങ്ങളുടെ കൃഷി നേരത്തേതിലും നല്ല നിലയിലായി. അനഹ്മദികളും പറയുന്നു: അഹ്മദിയ്യാ ജമാഅത്തിൽ എന്തോ കാര്യമുണ്ട്. അവരുടെ ആളുകൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ അവരുടെ കൃഷിയിൽനിന്നുള്ള വരുമാനവും വർധിക്കുന്നു.

ആഫ്രിക്കയിലേയോ അല്ലെങ്കിൽ ചില ദരിദ്രരാഷ്ട്രങ്ങളിലേയോ അഹ്മദികളും പുതിയതായി ബയ്അത്തു ചെയ്തു വന്നവരും മാത്രമല്ല പ്രത്യുത സമ്പന്ന രാഷ്ട്രങ്ങളിലെ വിശ്വസിക്കാൻ ഭാഗ്യം സിദ്ധിച്ച തദ്ദേശവാസികളുടെ ത്യാഗങ്ങൾക്കും ഉദാഹരണങ്ങളുമുണ്ട്.

ജർമനിയിലെ മുബല്ലിഗ് എഴുതുന്നു: റോയിട്രഡ് ഹൈം ജമാഅത്തിൽ ചന്ദയെ പറ്റി ബോധവൽക്കരണം നടത്തുകയും കുടിശ്ശിക നികത്താൻ പറയുകയും ചെയ്തു. അവിടുത്തെ സ്വദർ സാഹിബിന്റെ ഭാര്യ ജർമൻ അഹ്മദിയാണ്. വളരെ ആത്മാർഥതയുള്ള സ്ത്രീയാണ്. ഈ ജമാഅത്തിന്റെ ചന്ദയും വർധിക്കണമെന്നും നല്ല നിലയിൽ ചന്ദ കൊടുക്കുവരുടെ ലിസ്റ്റിൽ നമ്മളും ഉൾപ്പെടണമെന്നുമാണ് നമ്മൾ ആഗ്രഹിക്കുന്നതെന്നും പറഞ്ഞു. ഇതുകേട്ടപാടെ അവർ പുതിയതായി ബയ്അത്തു ചെയ്തവരിലല്ലെങ്കിലും-അവർ ബയ്അത്തു ചെയ്തിട്ട് കുറച്ചുകാലമായിട്ടുണ്ട്-പത്തൊമ്പതിനായിരം യൂറോ ചന്ദ അടച്ചു. അവർ പറഞ്ഞു: ഇതു ഞാൻ കാർ വാങ്ങാൻ വെച്ചതാണ്. പക്ഷേ, നമ്മുടെ ജമാഅത്തിന്റെ പേര് കാലത്തിന്റെ ഖലീഫയുടെ മുന്നിലെത്തുമെന്നുള്ള എന്റെ മനസ്സിലുണ്ടായ വലിയ ആവേശം കാരണം ഞാനത് നല്കുകയാണ്. അങ്ങനെ ദൈവപ്രീതി ലഭിക്കുന്നവളാകാൻ ഞാനാഗ്രഹിക്കുന്നു.

പിന്നീട് ജർമനിയിൽനിന്നുതന്നെയുള്ള ഒരു വിദ്യാർഥി 500 യൂറോ വാഗ്ദാനമെഴുതിച്ചിരുന്നു. നീ 500 യൂറോ എങ്ങനെയാണ് കോടുക്കുക എന്ന് വീട്ടുകാർ ചോദിച്ചു. അവൻ പറഞ്ഞു: എങ്ങനെയെങ്കിലും ഞാൻ കൊടുക്കാം. അതിനുള്ള മറുപടി ഉടൻതന്നെ അല്ലാഹുവിന്റെ ഭാഗത്തുനിന്നു ഇങ്ങനെ കി കിട്ടി. ഒരാഴ്ചയ്ക്കകംതന്നെ എനിക്കു യൂണിവേഴ്സിറ്റിയിൽനിന്ന് ഫോൺ വന്നു. ഞങ്ങൾ 40 വിദ്യാർഥികളെ തിരഞ്ഞെടുത്തിരിക്കുന്നു. അവർക്ക് യൂണിവേഴ്സിറ്റി സ്റ്റൈപന്റ് നല്കുന്നതായിരിക്കും. പണം അയക്കുന്നതിന് താങ്കൾ അക്കൗണ്ടു നമ്പർ അയച്ചു തരിക. 1000 യൂറോ അയക്കുന്നതാണ്. അദ്ദേഹം പറയുന്നു: അല്ലാഹു എനിക്ക് ഇരട്ടിയാക്കിത്തന്നു.

യു.കെ യിലെ ഉദാഹരണവുമുണ്ട്. ബാൽഹം ജമാഅത്തിൽനിന്ന് സ്വദ്ർ സാഹിബ് എഴുതുന്നു: വഖ്ഫെ ജദീദിന്റെ ടാർഗറ്റിൽ കുറച്ചു കമ്മിയുണ്ടായി. വർധിപ്പിച്ച് അടച്ചെങ്കിലും കറവുണ്ടായിരുന്നു. പറയുന്നു: 'അടുത്തദിവസം ലോക്കൽ കൗൺസിലിൽനിന്ന് ഒരു കത്തുകിട്ടി. ഇതിൽ സർവീസ് ചാർജ് ഉദ്ധരിച്ച് പ്രത്യേകമായ തുക ആവശ്യപ്പെട്ടിരുന്നു. ഞാനപ്പോൾ അക്കാര്യത്തെ കുറിച്ച് ചിന്തിക്കുകയായിരുന്നു. എനിക്ക് വഖ്ഫു ജദീദിൽനിന്നും സന്ദേശം വന്നിരിക്കുകയാണ്. അതുകൊണ്ട് ഞാൻ വഖ്ഫെ ജദീദിന്റെ ചന്ദ ആദ്യം അടച്ചു. അതിന്റെ തൊട്ടടുത്ത ദിവസംതന്നെ കൗൺസിലിൽനിന്ന് വേറൊരു കത്തു വന്നു. ഖേദം പ്രകടിപ്പിച്ചുകൊണ്ട് അവർ എഴുതി: 'ഞങ്ങൾ ഡിമാന്റു ചെയ്തുകൊണ്ട് നിങ്ങൾക്കെഴുതിയ കത്ത്, അത് അബദ്ധത്തിൽ അയച്ചു പോയതാണ്. അഡ്ജസ്റ്റു ചെയ്തതിനുശേഷം നിങ്ങൾ ഞങ്ങൾക്കല്ല തരേണ്ടത് പ്രത്യുത ഞങ്ങൾ താങ്കൾക്ക് ഒരു തുക തരേണ്ടതുണ്ട്.' അദ്ദേഹം പറയുന്നു: ഞാൻ വഖ്ഫുജദീദിന്റെ ചന്ദ കൊടുത്തതിനെ അപേക്ഷിച്ച് ഈ തുക പത്തിരട്ടി അധികമായിരുന്നു. ഇപ്രകാരം അല്ലാഹു ഈമാൻ വർധിക്കുന്നതിന് ചിലപ്പോൾ സ്വയം അതു തിരിച്ചു തരികയും ചെയ്യുന്നു.

ഇനി അല്ലാഹു ഉടൻതന്നെ തിരിച്ചുനല്കുന്നു എന്നതിനുള്ള ഒരു ഉദാഹരണം ഇന്ത്യയിൽനിന്നുമുണ്ട്. ഇൻസ്പെക്ടർ പറയുന്നു:വഖ്ഫെ ജദീദിന്റെ വർഷാവസാനം ഞാൻ അംഗങ്ങളെ ബോധവൽക്കരിക്കാൻ യാദ്ഗീർ ജമാഅത്തിലെത്തി. അങ്ങനെ ഒരു ഖാദിമിന്റെ അടുക്കൽപോയി. ചന്ദ കൊടുക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു:ഇപ്പോൾ എന്റെ കീശയിൽ 1500 രൂപയുണ്ട്. അതൊരാൾക്കു കൊടുക്കാൻവേണ്ടി വെച്ചിരിക്കുകയാണ്. കൊടുക്കേണ്ടത് വളരെ നിർബന്ധവുമാണ്. താങ്കൾ വഖ്ഫു ജദീദ് ചന്ദ കൊടുക്കാൻ പറയുന്നു. എന്തു ചെയ്യണമെന്ന് ഞാൻ ചിന്തിക്കുകയാണ്. ഈ പണം ചന്ദ കൊടുത്താൽ അയാൾക്കെങ്ങനെയാണ് കൊടുക്കുക! ഇപ്പോഴാണെങ്കിൽ കൂടുതൽ പണം സംഘടിപ്പിക്കാനും കഴിയില്ല. എങ്കിലും അദ്ദേഹം പറഞ്ഞു: സാരമില്ല. ഞാനെന്റെ ചന്ദ തരാം. അങ്ങനെ 1500 രൂപ കൊടുത്തു പോകുകയും ചെയ്തു. പറയുന്നു: അടുത്ത ദിവസം വഖ്ഫെ ജദീദ് സെക്രട്ടറിയോടൊപ്പം അദ്ദേഹത്തിന്റെ കടയിൽ അദ്ദേഹത്തെ കാണാൻ വേണ്ടി പോയി. അപ്പോൾ അദ്ദേഹം തന്റെ കീശകളിൽനിന്ന് പണം എടുത്ത് വെളിയിൽവെച്ചു. അവിടെ പൈസയുടെ കൂമ്പാരമായിരുന്നു. അദ്ദേഹം

ശേഷം പേജ് 9 ൽ

**• ഹദീഥുന്നബ്വി(സ): •**

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര്**
**'ബാബു സ്വദഖ' എന്നാണ്.**
**അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• ഹദീഥുന്നബ്വി(സ): •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്,**
**അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു**
**ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത്**
**അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 5, പേജ് 6-ൽ നിന്ന്)

## ജർമനി ജാമിഅ അഹ്മദിയ്യാ സന്ദർശനം

1.25- ന് ഹുദൂർ അയ്യദഹുല്ലാഹ് താമസസ്ഥലത്തുനിന്നു പുറത്തു വരികയും ജർമനി ജാമിഅ അഹ്മദിയായിലേക്ക് പുറപ്പെടുകുകയും ചെയ്തു. ജാമിഅ അഹ്മദിയ്യാ ജർമനി ബയ്ത്തുസ്സുബൂഹിൽ നിന്നു ഏകദേശം 50 കിലോമീറ്റർ ദൂരമുള്ള റൈഡ്സ്റ്റാഡ്റ്റ് (Riaedstadt)എന്ന പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. 02.10 ന് ഇവിടെ എത്തിച്ചേർന്ന ഹുദൂറിനെ ജാമിഅ പ്രിൻസിപ്പാൾ ശംശാദ് അഹ്മദ് സാഹിബ് ഖമറും അധ്യാപകരും വിദ്യാർഥികളും ചേർന്ന് വരവേറ്റു. അതിനുശേഷം മസ്ജിദ് ബയ്ത്തുൽ അസീസിൽ എത്തിയ ഹുദൂർ ള്വുഹ്ർ- അസ്വ്ർ നമസ്കാരത്തിന് നേതൃത്വം നല്കി. റൈഡ്സ്റ്റാഡ്റ്റ് (Riaedstadt) ജമാഅത്തിൽ നിന്നുള്ള ധാരാളം അംഗങ്ങളും ഇവിടെ ഹാജരായിരുന്നു.

പിന്നീട് ഹുദൂർ ഹോസ്റ്റലും നോക്കിക്കണ്ടു. ഒരു മുറിയിൽ പോയ ഹുദൂർ വിശദമായി കാര്യങ്ങൾ വിലയിരുത്തി. 6 വിദ്യാർഥികൾ താമസിക്കുന്ന ഈ മുറി വളരെ ഇടുങ്ങിയതാണെന്ന് ഹുദൂറിനോട് പ്രിൻസിപ്പാൾ പറഞ്ഞു. ഓരോ വിദ്യാർഥിക്കും അലമാരയും ടേബിളും നല്കാനും സൗകര്യമില്ല. ഹോസ്റ്റലിന്റെ മൂന്നാം നിലയുടെ നിർമാണം പൂർണ്ണമല്ലെങ്കിലും അതിന്റെ ഒരു ഭാഗമെങ്കിലും പൂർത്തിയാക്കിയാൽ സ്ഥലപരിമിതി ഒഴിവാക്കാൻ സാധിക്കും, അദ്ദേഹം പറഞ്ഞു.

ജർമനി അമീർ സാഹിബിനോടു ഹുദൂർ പറഞ്ഞു: ഇതര ജാമിഅകളിലും സ്ഥലപരിമിതി ഉണ്ടെങ്കിലും വിദ്യാർഥികളുടെ എണ്ണം വർധിക്കുന്നതാണ്. അതുകൊണ്ട് കൂടുതൽ നിർമിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഹോസ്റ്റലിന്റെ ശുചീകരണപ്രവൃത്തി നിത്യവും ചെയ്യുന്നുണ്ടെന്ന് ഹുദൂറിന്റെ ചോദ്യത്തിനുത്തരമായി പ്രിൻസിപ്പാൾ പറഞ്ഞു. പിന്നീട് ഹുദൂർ പോയത് ഭക്ഷണപന്തലിലേക്കാണ്. അവിടെ 'ബാർബിക്യു' ഏർപാടാണ് ചെയ്യപ്പെട്ടിരുന്നത്. പന്തൽ വളരെ മനോഹരമായി അലങ്കരിച്ചിരുന്നു. പന്തലിന്റെ ഉള്ളിൽ കടന്നു പോകുന്ന വഴിയുടെ ഇരുവശവും പൂക്കളും ചെടികളുംകൊണ്ട് വർണാഭമാക്കിയിരുന്നു. പ്രധാനപ്പെട്ട ഭക്ഷണ ടേബിളിന്റെ മുന്നിൽ ചെറുപൂക്കളുടെ അകമ്പടിയോടെയുള്ള ഒരു ഫൌണ്ടൻ അതിനു മാറ്റുകൂട്ടി. ക്ലാസിന്റെ അടിസ്ഥാനത്തിൽ ഇരിപ്പിടം ഒരുക്കിയിരുന്നു. എല്ലാ വിദ്യാർഥികൾക്കും ഹുദൂറിനെ കാണുംവിധത്തിലായിരുന്നു ഇത് സജ്ജീകരിച്ചിരുന്നത്. സംഭാഷണത്തിനിടെ പ്രിൻസിപ്പാൾ സാഹിബിനോട് വിദ്യാർഥികൾക്ക് ബ്രൗൺ ബ്രെഡ് കൊടുക്കാനും വൈറ്റ്ബ്രെഡ് ഒഴിവാക്കാനും ഹുദൂർ പറഞ്ഞു. കാരണം ഇത് ക്ഷീണമുണ്ടാക്കുന്ന താണ്. ഭക്ഷണങ്ങളിൽ ചേർക്കുന്ന മസാലകളെ പരാമർശിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു:

'മാർക്കറ്റിൽനിന്നു കിട്ടുന്ന ഏതു ബ്രാൻഡിന്റെ പായ്ക്കാണെങ്കിലും പൊടിച്ചതു വാങ്ങുന്നത് ശരിയല്ല. ഇത് ആരോഗ്യത്തിന് ഹാനി വരുത്തുന്നതായിരിക്കും സ്വയം പൊടിച്ച് മസാല തയ്യാറാക്കേണ്ടതാണ്.

ഭക്ഷണത്തിനുശേഷം വിദ്യാർഥികൾക്ക് ജാമിഅ ഹാളിൽ പോകാൻ ഹുദൂർ അനുമതി നല്കി. തുടർന്ന് ഹുദൂർ 'ബാർബിക്യു' തയ്യാറാക്കിയ ആളുകളുടെ അടുക്കൽ പോയി. അവരെ പ്രശംസിച്ച ഹുദൂർ അതിൽ ഉപയോഗിക്കേണ്ട മസാലകളെ കുറിച്ചും ചില കാര്യങ്ങൾ പറഞ്ഞു കൊടുത്തു.

### ജാമിഅ വിദ്യാർഥികളോടൊപ്പം ഒരു പരിപാടി

അതുകഴിഞ്ഞ് ജാമിഅ ഹാളിലെത്തിയ ഹുദൂർ ഒരു പ്രോഗ്രാമിന് ആരംഭം കുറിച്ചു. അസീസം ഹാഫിള് ഇഹ്തിശാം അഹ്മദിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. തുടർന്ന് ഉർദു തർജമ കേൾപ്പിച്ചു. ഹാഫിള് ഇഹ്തിശാമിനോട് ഹുദൂർ പേരിലുള്ള ഹാഫിള്വാണോ അതോ ഖുർആൻ മനപ്പാഠമാക്കിയിട്ടുണ്ടോ എന്ന് ചോദിച്ചു. തറാവീഹ് നമസ്കരിപ്പിക്കാറുണ്ടോ? ജർമനിയിൽ റമളാൻമാസത്തിൽ ഖുർആൻ മുഴുവനും കേൾപ്പിക്കാൻ സൗകര്യമില്ലാത്ത ഏതെങ്കിലും ജമാഅത്തുണ്ടെങ്കിൽ അവിടെ തറാവീഹ് നമസ്കരിപ്പിക്കാറുണ്ടോ? താങ്കൾ ജാമിഅയിൽത്തന്നെ തറാവീഹ് നമസ്കരിപ്പിക്കുക.

അസീസം ള്വാഫിർ അഹ്മദ് നബി(സ)തിരുമേനിയുടെ ഒരു ഹദീഥ് കേൾപ്പിച്ചു.

ഹദ്റത്ത് അബൂദർദ്ദാ(റ)വിവരിക്കുന്നു: ഞാൻ നബി(സ) തിരുമേനി ഇപ്രകാരം പറയുന്നത് കേട്ടു: 'അറിവ് അന്വേഷിച്ചു പുറപ്പെടുന്ന വ്യക്തിക്ക് സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കി കൊടുക്കുന്നു. മലക്കുകൾ മതവിദ്യാഭ്യാസം കരസ്ഥമാക്കുന്ന വിദ്യാർഥിയുടെ പ്രവർത്തനങ്ങളിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് തന്റെ ചിറക് അവന്റെ മുമ്പിൽ വിരിക്കുന്നു. മതപണ്ഡിതനുവേണ്ടി ഭൂമിയിലും ആകാശത്തുമുള്ളവർ പാപമോചനം തേടുന്നു. ഏതുവരെയെന്നാൽ വെള്ളത്തിലെ മത്സ്യങ്ങൾപോലും അയാൾക്കുവേണ്ടി പ്രാർഥിക്കുന്നു. മതപണ്ഡിതന്റെ(ആലിം) ശ്രേഷ്ഠത ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന(ആബിദ്)വന്റെ മേൽ ചന്ദ്രന് മറ്റു ഗ്രഹങ്ങളുടെ മേലുള്ള ശ്രേഷ്ഠതപോലെയാണ്. മതപണ്ഡിതന്മാർ(ആലിം)പ്രവാചകന്മാരുടെ അനന്തരാവാകാശികളാണ്. പ്രവാചകന്മാർ പണമോ പൈസയോ അനന്തരാവാകശമെന്ന നിലയിൽ വിട്ടു പോകാറില്ല. മറിച്ച് അവരുടെ അനന്തരാവകാശ സ്വത്ത് അറിവും വിജ്ഞാനവുമാണ്. ആരാണോ അറിവ് കരസ്ഥമാക്കുന്നത് അയാൾ വളരെ വലിയ ഭാഗവും അധികമായ നന്മയും കരസ്ഥമാക്കുന്നു.

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ പദ്യം അസീസം റാണാ ശീറാസ് ആലപിച്ചു.

**അഹ്ദെ ശിക്നീ നഃ കരോ**
**അഹ്‌ലെവഫാ ഹോ ജാവോ**
**അഹ്‌ലെ ശയ്ത്വാൻ നഃ ബനോ**
**അഹ്‌ലെ ഖുദാ ഹോ ജാവോ**

(പ്രതിജ്ഞാലംഘകരാകാതിക്കുക,കൂറുപുലർത്തുന്നവരാകുക.ശയ്ത്വാനിന്റെ കൂട്ടുകാരാകാതിരിക്കുക. ദൈവത്തിന്റെ കൂട്ടുകാരാകുക)

ശേഷം ദർജ റാബിഅയിൽ പഠിക്കുന്ന അസീസം മഹ്ഫൂള് മുനീർ ഒരു ലിഖിതശകലം സമർപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഭൗതികമായ നേട്ടങ്ങൾ തികച്ചും ഉപേക്ഷിച്ചുകൊണ്ട് സ്വന്തംജീവിതം ദീനീ സേവനങ്ങൾക്കുവേണ്ടി മാത്രം സമർപ്പിക്കുന്ന യുവാക്കൾ സൃഷ്ടിക്കപ്പെടുമാറാകട്ടെ......നബി(സ) തിരുമേനിയുടെ സ്വഹാബത്തിന്റെ മാതൃകകൾ നോക്കേണ്ടതാണ്. കുറച്ചു ആത്മീയതയും കുറച്ചു ഭൗതികതയുമുള്ളവരായിരുന്നില്ല അവർ. പ്രത്യുത അവർ ശുദ്ധമായും ദീനിന്റേതായി തീർന്നിരുന്നു. അവർ തങ്ങളുടെ ജീവിതവും ധനവുമെല്ലാമെല്ലാം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്തുകഴിഞ്ഞിരുന്നു. അത്തരമാളുകളാകേണ്ടതാണ്. ജമാഅത്തിനുവേണ്ടി മുബല്ലിഗുമാരും ഉപദേശകന്മാരുമായി നിശ്ചയിക്കപ്പെടുന്നവർ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവരായിരിക്കേണ്ടതാണ്. സ്വത്തുക്കളെ കുറിച്ചും പണത്തെകുറിച്ചും അവർക്ക് ചിന്തയുണ്ടാകരുത്. നബി(സ)തിരുമേനി ആരെയെങ്കിലും മുബല്ലിഗായി നിയോഗിച്ചാൽ കൽപന കിട്ടിയാലുടൻ അവർ പുറപ്പെടുമായിരുന്നു. യാത്രാചെലവ് അവർ ആവശ്യപ്പെട്ടിരുന്നില്ല. സ്വന്തം വീട്ടിലുള്ളവരുടെ പട്ടിണിയെ കുറിച്ച് ഒഴികഴിവും പറഞ്ഞിരുന്നില്ല. അല്ലാഹുവിനു വേണ്ടി സ്വന്തം ജീവിതം സമർപ്പിക്കുന്നവർക്കു മാത്രമേ ഈ പ്രവൃത്തി സാധ്യമാകുകയുള്ളൂ. സൂക്ഷ്മത പുലർത്തുന്നവർക്ക് ദൈവം സ്വയമേവ സഹായം നല്കുന്നു. അല്ലാഹുവിനുവേണ്ടി അയാൾ കൈപ്പേറിയ ജീവിതം സഹിക്കാൻ തയ്യാറാകുന്നു. ദീനിന്നുവേണ്ടി മാത്രമായിത്തീരുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. തബ്‌ലീഗിനുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന അത്തരം കുറച്ചാളുകളെ തിരഞ്ഞെടുക്കണമെന്ന് നാം ആഗ്രഹിക്കുന്നു. അവർക്ക് മറ്റൊരു വസ്തുവിനോടും ബന്ധമുണ്ടാകാൻ പാടില്ല. എല്ലാതരത്തിലുള്ള പ്രയാസങ്ങളും അവർ സഹിക്കണം. എല്ലാ സ്ഥലങ്ങളിലും ചുറ്റിക്കറങ്ങി ദൈവിക കാര്യങ്ങൾ അവർ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കണം. അവർ ക്ഷമയും സംയമനവും പാലിക്കുന്ന വരാകണം. ആവേശം അവരുടെ പ്രകൃതിയിലുണ്ടാകാൻ പാടില്ല. കഠിനമായ ഓരോ വർത്തമാനവും ചീത്തവിളിയും കേട്ടതിനുശേഷവും സംയമനത്തോടെ മറുപടി നല്കാനുള്ള ശക്തി അവർ കൈവരിക്കുന്നവരാകണം. എവിടെയാണോ കുഴപ്പമുണ്ടാകുമെന്ന ഭയപ്പാട് കാണുന്നത് അവിടെനിന്ന് പൊയ്ക്കളയുക. കുഴപ്പങ്ങൾക്കിടയിൽ പെടാൻ പാടില്ല. സൽപ്രകൃതക്കാരായ വ്യക്തികൾ തന്റെ വാക്കുകൾ കേൾക്കുന്നുണ്ടെന്ന് കണ്ടാൽ സൗമ്യതയോടെ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക. മേളകളുടേയും തർക്കവിതർക്കങ്ങളുടേയും മൈതാനങ്ങളിൽനിന്നു വിട്ടു നില്ക്കുക. കാരണം, അതുമുഖേനയാണ് കുഴപ്പങ്ങൾ ജന്മമെടുക്കുമെന്ന ഭയമുണ്ടാകുന്നത്. സംയമനത്തോടെയും സൽസ്വഭാവത്തിലൂടെയും സ്വന്തം പ്രവൃത്തികൾ ചെയ്തു കൊണ്ടേ പോവുക.'*(ബദ്ർ 1907, ഒക്ടോബർ 3)*

ദർജ ഥാലിഥയിലെ വിദ്യാർഥി അസീസം സ്വുഹയ്ബ് നാസ്വിർ 'കഅ്ബദേവാലയം വഖ്ഫെ സിന്ദഗിയുടെ അടിത്തറ'എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു: വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ഇന്ന അവ്വല ബയ്ത്തിൻ വുളിഅ ലിന്നാസി ലല്ലദീ ബി ബക്കത്ത മുബാറകൻ വ ഹുദൻല്ലിൽ ആലമീൻ(3:97)

സമസ്ത മനുഷ്യർക്കുംവേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളതുതന്നെയാണ്. (അത്) അനുഗൃഹീതവും സർവലോകർക്കുമുള്ള മാർഗദർശകമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:ഈ കഅ്ബദേവാലയം ഹദ്റത്ത് ആദം (അ)ന്റെ കാലം മുതലേ നിലനിന്നു വരുന്നതാണ്.*(തഫ്സീറെ കബീർ, വാള്യം2, പേജ് 448)*

അതുകൊണ്ട് പണ്ടു മുതലേ പരിശുദ്ധനായ ദൈവം ഓരോ വർഷവും ഭൂതലത്തിലെ ഏകദൈവ വിശ്വാസത്തിന്റെ അനുരാഗികൾ ഉന്മാദത്തോടെ അതിന്റെ ചുറ്റും ഒരുമിച്ചുകൂടി ഹജ്ജും ഉംറയും നിർവഹിക്കണമെന്ന് കൽപന നല്കി. ദൈവിക കല്പനകളെ അതുമുഖേന തങ്ങളുടെ മനസ്സുകളിൽ ഓർത്തുവെക്കുക. ഇസ്‌ലാംമതത്തിൽ കഅ്ബദേവാലയത്തിന്റെ പ്രാധാന്യം അടിസ്ഥാനപരവും സർ വാംഗീകൃതവുമാണ്. അതുകൊണ്ടുതന്നെയാണ് നുബുവ്വത്തിനു മുമ്പേതന്നെ കഅ്ബദേവാലയത്തിന്റെ പരിശുദ്ധിയും പ്രാധാന്യവും

സംബന്ധിച്ച് സവിശേഷ വിചാരം നബി(സ)തിരുമേനി നിലനിറുത്തിയിരുന്നത്.

മദീനയിലേക്കുള്ള പലായന സമയത്ത് മക്കയുടെമേൽ അവസാന ദൃഷ്ടി ഇട്ടുകൊണ്ട് നബി(സ)തിരുമേനി അഗാധമായ സ്നേഹത്തോടെ പറഞ്ഞു:

'അല്ലയോ മക്കാ! നീ എനിക്ക് ഭൂതലത്തിലുള്ള എല്ലാ പട്ടണത്തേക്കാളും പ്രിയപ്പെട്ടതാണ്. എന്നാൽ, ഞാനെന്തു ചെയ്യും? നിന്നിൽ താമസിക്കുന്നവർ എന്നെ ഇവിടെ ജീവിക്കാൻ വിടുന്നില്ല.'

പരിശുദ്ധ മക്കയോടു പുലർത്തിയ ഈ സ്നേഹ പ്രകടനത്തിന്റെ കാരണം ഇതു തന്നെയാണ്. ഒരു ഭാഗത്ത് മക്ക സ്വന്തം നാടായിരുന്നു. മറുഭാഗത്ത് ഈ പട്ടണത്തിലാണ് കഅ്ബദേവാലയം സ്ഥിതി ചെയ്യുന്നത്. നമസ്കാരം നിർബന്ധമാക്കിയതിനുശേഷം പ്രസ്തുത സ്നേഹം കാരണത്താൽ നബി(സ)തിരുമേനിയുടെ ഹൃദയാഭിലാഷമായിരുന്നു ഇസ്‌ലാം ദീനിൽ ദൈവാരാധനയുടെ നേരത്ത് കഅ്ബദേവാലയത്തിലേക്ക് തിരിയണമെന്നത്. കഅ്ബദേവാലയം തന്നെയാണ് ആത്മീയമായും ഭൗതികമായും മുസ്‌ലിമീങ്ങളുടെ ഭാവിയിലേക്കുള്ള സർവ ശ്രദ്ധകളുടേയും പുരോഗതികളുടേയും കേന്ദ്രബിന്ദു. അതുകൊണ്ടുതന്നെയാണ് ദൈവികയുക്തി കഅ്ബദേവാലയം മുഖേന മുസ്‌ലിമീങ്ങളുടെ ആത്മീയാധ്യാപനത്തിന്റേയും ശിക്ഷണത്തിന്റേയും സവിശേഷ തയ്യാറെടുപ്പ് എന്നെന്നേക്കുമായി ബന്ധിപ്പിച്ചത്. കഅ്ബദേവാലയത്തെ മുസ്‌ലിമീങ്ങളുടെ ആത്മീയാധ്യാപനത്തിന്റേയും ശിക്ഷണത്തിന്റേയും കേന്ദ്രമായി നിശ്ചയിക്കപ്പെട്ടുവെന്ന് ചുരുക്കം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: കഅ്ബദേവാലയം എന്താണ്? ഉന്നതനായ ദൈവത്തെ ആരാധിക്കാൻവേണ്ടി സമർപ്പിതമായ ഭവനമാണിത്. എന്നാൽ, ലോകത്തുള്ള സർവ മനുഷ്യർക്കും കഅ്ബദേവാലയത്തിൽ പോകാൻ സാധിക്കില്ലെന്നത് വ്യക്തമാണ്. അല്ലാഹു ആഗ്രഹിക്കുന്നത് ഇബ്റാഹീം(അ)ന്റെ പകർപ്പുകൾ ലോകത്ത് ഉടലെടുക്കണമെന്നാണ്. അതുപോലെതന്നെ അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ കഅ്ബദേവാലയത്തിന്റെ പകർപ്പുകളുണ്ടാക്കുക എന്നാണ്. അതിൽ നിങ്ങളും നിങ്ങളുടെ മക്കളും സ്വന്തം ജീവിതങ്ങൾ ദീനിന്റെ സേവനത്തിന് സമർപ്പിച്ചുകൊണ്ടിരിക്കുക. കഅ്ബദേവാലയത്തിന്റെ നിഴൽ ലോകത്തിന്റെ അറ്റങ്ങളിൽ സ്ഥാപിതമാകുന്നതുവരെ ഒരിക്കലും ദീൻ വ്യാപിക്കുക സാധ്യമാകുന്നതല്ല. *(തഫ്സീറെ കബീർ, വാള്യം 2, പേജ് 169 - 170, സൂറ ബഖറായുടെ 126 - ാമത്തെ വചനം നോക്കുക)*

ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്)അല്ലാഹുവിന്റെ ഭവനത്തിന്റെ മഹനീയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയ ജ്ഞാനങ്ങൾ നിറഞ്ഞ ഒരു ഖുത്വ്ബയിൽ പറയുന്നു: 'മക്ക മാത്രമല്ല ഇതര പ്രദേശങ്ങളിൽനിന്നും കുടംബങ്ങളിൽനിന്നുമുള്ള ചില പ്രതിനിധികൾ സ്വന്തം പ്രദേശങ്ങൾ വിട്ടിട്ട്, സ്വന്തം ഗോത്രങ്ങൾ വിട്ടിട്ട് മദീനയിൽ വന്നു സന്യാസികളെപോലെ ഇരുന്നിരുന്നു. പിന്നീട് അവർ ഇവിടെതന്നെ ഇരിക്കുകയും ചെയ്തു. സ്വന്തം ജനതയേയും രാജ്യത്തേയും വിട്ടുകൊണ്ടുള്ള അവരുടെ പലായനം മക്കയിൽനിന്നുമുള്ള ഹിജ്റപോലെ ആയിരുന്നില്ല. മറിച്ച്, സ്വന്തം പ്രദേശങ്ങളും ബന്ധുക്കളും വീടും വസ്തുവകകളുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് ദൈവത്തിനുവേണ്ടി കേന്ദ്രത്തിൽപോയി ഇരിക്കുന്നു. പിന്നീട് കേന്ദ്രത്തിന്റെ മാർഗദർശനം അനുസരിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.' *(ഖുത്വ്ബ ജുമുഅ, 26 മെയ്, 1967)*

ദൈവത്തിന്റെ ഏകത്വത്തിന്റെ മഹത്തായ പ്രതീകമായ കഅ്ബദേവാലയം തന്നെയാണ് വഖ്ഫെ സിന്ദഗിയുടെ അടിത്തറ. ഇതേ അടിത്തറയിൽ നിലനിന്നുകൊണ്ട് മുഴുലോകത്തും ഇസ്‌ലാമിക സേവനത്തിന്റെ വികാരത്താൽ ജീവിതം വഖ്ഫു ചെയ്തിട്ടുള്ള അഹ്മദി തങ്ങളുടെ കർമങ്ങൾകൊണ്ട് കഅ്ബദേവാലയത്തിന്റേയും പരിശുദ്ധനായ ഏക ദൈവത്തിന്റേയും മഹത്ത്വം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു ജീവിതം സമർപ്പണം ചെയ്തിട്ടുള്ള നമുക്കെല്ലാവർക്കും കഅ്ബദേവാലയത്തിന്റെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കാനും പൂർത്തിയാക്കാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ അതിനിസ്സാരമായ ഈ സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ.ആമീൻ.

ശേഷം, ദർജ റാബിഅയിൽ പഠിക്കുന്ന അസീസം സുലയ്മാൻ അഖ്തർ വഖ്ഫിന്റെ(ജീവിതസമർപണത്തിന്റെ) പ്രാധാന്യവും അതിന്റെ അനുഗ്രഹങ്ങളും എന്ന വിഷയത്തെ അധികരിച്ചു സംസാരിച്ചു:

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ഇദ് ഖാല ലഹൂ റബ്ബുഹൂ അസ്‌ലിം ഖാല അസ്‌ലംതു ലി റബ്ബിൽ ആലമീൻ(അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് 'കീഴ്പ്പെടുക' എന്ന് പറഞ്ഞപ്പോൾ, 'സർവലോകനാഥന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു' എന്ന് അദ്ദേഹം പറഞ്ഞു. (2:132)

ഹദ്റത്ത് ആദം(അ) മുതൽ ഇക്കാലഘട്ടംവരെ വളരെയധികം ദൈവിക നിയോഗിതർ ലോകത്ത് വന്നു. അവരിൽനിന്നുമുള്ള ഓരോ വ്യക്തിയും ദൈവത്തിന്റെ വഴിയിൽ തങ്ങളുടെ ജീവിതം സമർപ്പിക്കുന്നവരായിരുന്നു. എന്നാൽ, ഇബ്റാഹീമി ത്യാഗമാണ് സമ്പൂർണമായനിലയിൽ അല്ലാഹുവിനുവേണ്ടി സമർപ്പണത്തിന്റെ മാതൃകയായി തീർന്നത്. ഹദ്റത്ത് മുഹമ്മദ് നബി(സ)തിരുമേനിയും ഇക്കാലഘട്ടത്തിൽ നിയോഗിതനായ അദ്ദേഹത്തിന്റെ ദാസൻ ഇമാം മഹ്ദിയും ഇന്ന് വീണ്ടും ഇബ്റാഹീമീ ത്യാഗത്തിന്റെ അനന്തരാവകാശികളായി മാറിയിരിക്കുന്നു. ഹദ്റത്ത് നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലഘട്ടത്തിൽ അല്ലാഹുവിനുവേണ്ടി സമർപ്പണം നടത്തിയവർ അപകടകരവും മുള്ളുകൾ നിറഞ്ഞതുമായ വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ നേതാക്കളായത് ഹദ്റത്ത് അബൂബക്ർ (റ), ഹദ്റത്ത് ഉമറുൽ ഫാറൂഖ്(റ), ഹദ്റത്ത് ഉഥ്മാൻ ഗനി(റ), ഹദ്റത്ത് അലി മുർതളാ(റ) എന്നിവരാണ്. എന്നാൽ, അവരെ പിൻപറ്റി ഹദ്റത്ത് അബൂ ഉബയ്ദ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ത്വൽഹാ(റ)ഉം ഉണ്ടായിരുന്നു. അവരിൽ മുസ്വ്അബ് ബിൻ ഉമയ്ർ(റ)ഉം ഉണ്ടായിരുന്നു. ഇസ്‌ലാമിലെ ആദ്യത്തെ മുബല്ലിഗ് ആകാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. പിന്നീട് മദീനയിലെ അൻസ്വാറിന്റെ അനുരക്തരുടെ സംഘവും ഈ ഗണത്തിൽപെടുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ്, ഹദ്റത്ത് അബൂ ത്വൽഹ(റ)ഉം അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ സ്വഹാബാക്കളും ഉൾപ്പെടുന്ന ഒരു നീണ്ടനിര തന്നെയുണ്ട്. ഇവർ ത്യാഗത്തിന്റേയും കൂറിന്റേയും തങ്ങളുടേതായ ഇതിഹാസങ്ങൾ രചിച്ചു.

ഇക്കാലഘട്ടത്തിൽ ഈ ദൈവിക സമർപ്പണത്തിന്റെ മാതൃക നബി(സ)തിരുമേനിയുടെ ആത്മീയ സുതൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)പുനരുജ്ജീവിപ്പിച്ചു. തന്റേതായ സർവസ്വവും ദൈവത്തിനും നബി(സ)തിരുമേനിക്കും വേണ്ടി സമർപ്പിച്ചു. ആ പുണ്യാത്മാവ് പറയുന്നു:വഖ്ഫെ റാഹ് തൂ കുനം ഗർജാൻ ദഹൻദം സ്വസദ് ഹസാർ (ജീവൻ നൂറായിരം പ്രാവശ്യം നല്കേണ്ടി വന്നാലും നിന്റെ വഴിയിൽ അത് സമർപ്പിക്കപ്പെട്ടിരിക്കുകയാണ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അല്ലാഹുവിന്റെ വഴിയിൽ ജീവിതം വഖ്ഫു ചെയ്യുക എന്നത് - അതാണ് യഥാർഥ ഇസ്‌ലാം - രണ്ടു തരത്തിലാണ്. ഇതിൽ ഒന്നാമത്തേത് ദൈവത്തെ തന്റെ ആരാധ്യനും ലക്ഷ്യവും പ്രിയതമനും ആക്കുകയെന്നതാണ്. അവനെ ആരാധിക്കുകയും അവനോടുള്ള സ്നേഹത്തിലും ഭയത്തിലും പ്രതീക്ഷയിലും മറ്റാരേയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യുക. അവന്റെ പരിശുദ്ധിയും അന്യൂനതയും അവനോടുള്ള ആരാധനയും അതിന്റെ മര്യാദകളും അവന്റെ കല്പനകളും പരിധികളും ദൈവികമായ വിധി വിലക്കുകളും ഹൃദയാത്മനാ സ്വീകരിക്കുക. വളരെയധികം വിനയവും നിസാരതയും പാലിച്ചുകൊണ്ട് പ്രസ്തുത എല്ലാ കല്പനകളും പരിധികളും നിയമങ്ങളും വിധികളും പൂർണ വിചാരത്തോടെ ശിരസ്സാവഹിക്കുക. അവന്റെ എല്ലാ പരിശുദ്ധസത്യസാക്ഷ്യങ്ങളും വിശുദ്ധമായ ദൈവജ്ഞാനങ്ങളും - അതാണ് അവന്റെ പ്രവിശാലമായ ശക്തിവൈഭവങ്ങളുടെ മാർഗവും അവന്റെ അധികാരത്തിന്റേയും ആധിപത്യത്തിന്റേയും ഉന്നതസ്ഥാനവും അറിയുന്നതിനുവേണ്ടിയുള്ള ഒരുബന്ധവും അവന്റെ അനുഗ്രഹങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ശക്തമായ വഴികാട്ടിയും - നല്ലവണ്ണം മനസ്സിലാക്കുക.

അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം സമർപ്പിക്കുന്ന രണ്ടാമത്തെ ഇനം അവന്റെ ദാസന്മാരെ സേവിക്കുകയും അനുകമ്പ പുലർത്തിക്കൊണ്ടും കാര്യനിർവഹണം നടത്തിക്കൊണ്ടും ഭാരങ്ങൾ വഹിച്ചു കൊണ്ടും സത്യസന്ധമായ നിലയിൽ പ്രയാസങ്ങൾ ദൂരീകരിച്ചുകൊണ്ടും തന്റെ ജീവിതം സമർപ്പിക്കുക എന്നതാണ്. മറ്റുളളവർക്ക് ആശ്വാസം എത്തിക്കുന്നതിനുവേണ്ടി ദുഖം വഹിക്കുകയും മറ്റുള്ളവർക്ക് സുഖം എത്തിക്കുന്നതിനുവേണ്ടി സ്വയം പ്രയാസങ്ങൾ ഏറ്റുകയും ചെയ്യുക. *(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനി ഖസാഇൻ, വാള്യം 5 പേജ് 60)*

കൂടാതെ അല്ലാഹു ആ മഹാത്മാവിന് ആദ്യകാല ഓർമകളെ പൂവണിയിക്കുന്നതും കൂറുപുലർത്തുന്നതുമായ ദാസന്മാരേയും നല്കി. ഹദ്റത്ത് മൗലാന നൂറുദ്ദീൻ, സയ്യിദുനാ മഹ്മൂദ്, സയ്യിദുനാ നാസ്വിർ, സയ്യിദുനാ ത്വാഹിർ, സയ്യിദുനാ മസ്റൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ് രിഹിൽ അസീസ് തുടങ്ങിയവരാണ് പ്രസ്തുത വിശിഷ്ഠ വ്യക്തികൾ. ഇക്കാലഘട്ടത്തിലെ മഹ്ദിക്ക് ഹദ്റത്ത് മൗലാന അബ്ദുൽകരീം സാഹിബ്, മൗലാന ബുർഹാനുദ്ദീൻ സാഹിബ്, മൗലാന മുഫ്ത്തീ മുഹമ്മദ് സ്വാദിഖ് സാഹിബിനെ പോലെയുള്ള സേവകരേയും

**• ഹദീഥുന്നബ്‌വി(സ): •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്ലകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**• ഹദീഥുന്നബ്‌വി(സ): •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

നല്കി. ലോകത്തെ ഉപേക്ഷിച്ചുകൊണ്ട് അവർ അല്ലാഹുവിനെ സ്വീകരിച്ചു. മസീഹിന്റെ സൂക്ഷിപ്പുകാരാകുന്നത് അവർ ഇഷ്ടപ്പെട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

**ഇബ്തദാ സേ തേരേ ഹീ സായേ മെ മേരേ ദിൻ കട്ടേ**
**ഗോദ് മെ തേരീ രഹാ മിഥ്‌ലെ ത്വിഫ്‌ലെ ശിറെഖ്വാർ**

(തുടക്കം മുതലേ നിന്റെ തണലിൽതന്നെ എന്റെ ദിനങ്ങൾ കഴിഞ്ഞു.

നിന്റെ മടിത്തട്ടിൽ മുലപ്പാൽ കുടിക്കുന്ന കുഞ്ഞിനെ പ്പോലെ ഇരിക്കുകയും ചെയ്തു.)

ഖുദ്സിയായ ഒരു ഹദീസിഥിൽ വന്നിരിക്കുന്നു: ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു. നബി(സ)തിരുമേനി ഈ ഹദീഥ് തന്റെ റബ്ബിൽനിന്നു വിവരിക്കുന്നു. അല്ലാഹു പറയുന്നു, ദാസൻ ഒരു ചാൺ എന്റെ അടുത്ത് വരുമ്പോൾ ഞാൻ ഒരു മുഴം അവന്റെ അടുത്തു വരുന്നു. ഒരു മുഴം എന്നോട് അടുക്കുമ്പോൾ ഞാൻ ഒരു വാര അവന്റെ അടുത്തു വരുന്നു. അവൻ എന്റെ അടുത്തു നടന്നു വരുമ്പോൾ ഞാൻ അവന്റെ അടുത്ത് ഓടി വരുന്നു. (സ്വഹീഹ് ബുഖാരി കിതാബുത്തൗഹീദ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന് അല്ലാഹു ഇപ്രകാരം വെളിപാട് നല്കി: 'ജേ തൂ മേരാ ഹോ രഹീ സബ് ജഗ് തേരാ ഹൊ.' അതിനാൽ പ്രപഞ്ചം മുഴുവനും ദൈവ മാർഗത്തിൽ ജീവിതം സമർപ്പണം ചെയ്യുന്നതിനുവേണ്ടി നിയന്ത്രണവിധേയമാക്കുന്നു. അവൻ ദൈവാനുഗ്രഹങ്ങളും കാരുണ്യങ്ങളും ദൈവകൃപകളും വെളിപ്പെടുത്തുന്നവനായിത്തീരുന്നു.

വഖ്ഫെ സിന്ദഗിയിൽ ജനതയുടെ ജീവിതം ഉണ്ടാകുന്നുവെന്നതിനു കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:ലോകത്ത് പണം മുഖേന ഒരിക്കലും പ്രബോധനമുണ്ടായിട്ടില്ല. പണം മുഖേന ലോകം മുഴുവൻ പ്രബോധനമെത്തിക്കാം എന്ന് മനസ്സിലാക്കുന്ന ജനതയെക്കാൾ വഞ്ചിക്കപ്പെട്ടവൻ, അവനെക്കാൾ വലിയ വിഡ്ഢി, അതിനെക്കാൾ വലിയ ഭ്രാന്തുള്ള ജനത ലോകത്തെവിടെയുമില്ല. ജീവനുള്ളതിന്റെ ലക്ഷണം നിങ്ങളിൽ ഓരോ വ്യക്തിയും നിങ്ങളുടെ ജീവൻ കൈയിലെടുത്ത് മുന്നോട്ടു വരികയും 'അമീറുൽമുഅ്മിനീൻ!അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ദീനിനും അവന്റെ ഇസ്‌ലാമിനും ഹാജരാണ്' എന്ന് പറയലുമാണ്. ഏതൊരു ദിവസംമുതലാണോ നിങ്ങളുടെ ജീവിതം നിങ്ങളുടേതല്ല പ്രത്യുത ഇസ്‌ലാമിനുവേണ്ടിയുള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നത്, ഏതൊരു ദിവസം മുതലാണോ നിങ്ങൾ മനസ്സിൽ കരുതുക മാത്രമല്ല പ്രത്യുത കർമപരമായി അതനുസരിച്ച് ജോലിയും ചെയ്യാൻ തുടങ്ങുന്നത് അന്നു നിങ്ങൾക്ക് പറയാൻ കഴിയും നിങ്ങൾ ജീവനുള്ള ജമാഅത്താണെന്ന്!

ഹുദൂർ വീണ്ടും പറയുന്നു:നിങ്ങളിൽനിന്ന് ഏതൊരു കാര്യമാണോ ആവശ്യപ്പെട്ടിട്ടുള്ളത്,-അത് ഏകമായ യഥാർഥ ആവശ്യമാണ്-നിങ്ങളുടെ ജീവൻ ആവശ്യപ്പെടുന്നുവെന്നതാണത്. ഈ ആവശ്യം നിങ്ങൾ പൂർത്തിയാക്കിയാൽ മാത്രംപോര, പ്രത്യുത എല്ലാ നിമിഷവും ഈ ആവശ്യം നിങ്ങളുടെ ഓർമയിൽ ഹാജരുണ്ടായിരിക്കേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ ജീവനെ അയാഥാർഥ്യമായ വസ്തുവായി മനസ്സിലാക്കി ദീനിനുവേണ്ടി അതിനെ ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായി ഇരിക്കാത്തിടത്തോളം നിങ്ങളിൽ തന്റേടവും ധൈര്യവുമുണ്ടാകുകയില്ല.(ഖുത്വ്ബ ജുമുഅ 1935 ജനുവരി 11, ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 16)

വർത്തമാന കാലം കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ നാശത്തിലേക്ക് അതിദ്രുതം പായുകയാണ്. നമ്മൾ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്യുന്നു, അവൻ നമുക്ക് സുൽത്വാനുൽഖലമിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇക്കാലഘട്ടത്തിലെ ജിഹാദിൽ മുൻനിരയിൽനിന്നുകൊണ്ട് സേവനങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ വഖ്ഫ് സ്വീകരിക്കുമാറാകട്ടെ. ആമീൻ.(ഉർദു ബദ്ർ, 2020 മാർച്ച് 12)

## (2019 ഒക്ടോബർ 15(ചൊവ്വാഴ്ച)

അതുകഴിഞ്ഞ് ഹുദൂർ ക്ലാസുകളുടെ ക്രമത്തിൽ വിദ്യാർഥികളുടെ എണ്ണം വിലയിരുത്തി. മൊത്തത്തിലുള്ള എണ്ണം കണക്കാക്കി ആകെ വിദ്യാർഥികൾ ഇത്രപേരാകുമെന്ന് ഹുദൂർ സൂചിപ്പിച്ചു. ഒരു വിദ്യാർഥി 'മുമഹദ്'ക്ലാസിൽ പ്രവേശിച്ചതിനുശേഷം വന്നിട്ടില്ലെന്നും അതുപോലെതന്നെ ഒരു വിദ്യാർഥി പരീക്ഷയിൽ പരാജയപ്പെട്ടുവെന്നും പ്രിൻസിപ്പാൾ അറിയിച്ചു.

രണ്ടുപേരെ കുറച്ചാലും 114 ആകുമെന്ന് ഹുദൂർ പറഞ്ഞു. ഹുദൂർ പറഞ്ഞത് ശരിയാണെന്നും ആ എണ്ണം തന്നെയാണുള്ളതെന്നും പ്രിൻസിപ്പാൾ പറഞ്ഞു.

ഖാമിസാ ക്ലാസിലെ കുട്ടികളും മറ്റു ചില വിദ്യാർഥികളും ലണ്ടനിൽവന്ന് കാണാറുണ്ട്. മുമ്പേ ലണ്ടനിൽ വരാത്തവർ ഇന്ന് സംസാരിക്കുക. കാര്യങ്ങൾ പറയുക.

■ ഇഹ്സാൻ അഹ്മദ് എന്ന വിദ്യാർഥി ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: 'ഞാൻ പാക്കിസ്താനിലാണ് ജനിച്ചത്. 2010-ൽ ജർമനിയിൽ വന്നു.'

ഹുദൂർ:സ്വന്തം ഇഷ്ടപ്രകാരം ജാമിഅയിൽ വന്നതാണോ അതോ മാതാപിതാക്കൾ പറഞ്ഞതനുസരിച്ച് വന്നതാണോ?

ഇഹ്സാൻ അഹ്മദ്: സ്വന്തം ഇഷ്ടമനുസരിച്ച് വന്നതാണ്. താൻ വഖ്ഫെനൗ അല്ലെന്ന് ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. തുടർന്ന് ഹുദൂർ വഖ്ഫെനൗ കുട്ടികളുടെ എണ്ണം വിലയിരുത്തി. വിദ്യാർഥികൾ കൈയ്യുയർത്തിയപ്പോൾ ഹുദൂർ പറഞ്ഞു: ഏകദേശം എല്ലാവരും വഖ്ഫെനൗ കുട്ടികളാണ്. പാക്കിസ്താനിൽ വഖ്ഫെനൗ കുട്ടികൾ കുറച്ചേ ജാമിഅയിൽ വരാറുള്ളൂ. വഖ്ഫെനൗ അല്ലാത്തവർ കൂടുതൽ വരുന്നുണ്ട്.

■ ദർജ ഊലയിൽ പഠിക്കുന്ന ഉവയ്സ് അഹ്മദ്:മൂന്ന് വർഷം മുമ്പേ പാക്കിസ്താനിൽ നിന്നു വന്നു. എനിക്ക് ഒരു ചോദ്യമുണ്ട്. അല്ലാഹുവിനോട് ശക്തിമത്തായ ബന്ധം എങ്ങനെയാണ് സ്ഥാപിക്കാൻ കഴിയുക?

ഹുദൂർ: ഇതുവരെ ഇക്കാര്യം മനസ്സിലായിട്ടില്ലേ? അവന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടേ പോവുക. കുനിഞ്ഞുകൊണ്ടേ പോവുക, കുനിഞ്ഞു കൊണ്ടേ പോവുക. നീ എന്ന സ്വത്തിനെയാണ് നിന്നോട് ആവശ്യപ്പെടുന്നതെന്ന് പറഞ്ഞു കൊണ്ടേ പോവുക. കിട്ടും! അവനെ പിടിച്ചേക്കുക, പിന്നീട് വിടരുത്. അപ്പോൾ അല്ലാഹുവുമായി ശക്തമായ ബന്ധം സ്ഥാപിതമാകും. തന്റെ അടുത്ത് വരുന്നവർക്ക് താൻ വഴി കാണിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നിങ്ങളും ദൈവത്തിലേക്ക് മുന്നേറാൻ ശ്രമിക്കുക.

■ ഒരു വിദ്യാർഥി ഉമർ റഷീദ്: 2011-ൽ പാക്കിസ്താനിൽ നിന്നും ഇവിടെ വന്നു.

ഹുദൂർ: പാക്കിസ്താനിൽ എവിടെ നിന്നാണ് വന്നത്?

ഉമർറഷീദ്: മർദാനിൽ നിന്നു.

ഹുസദൂർ:പഞ്ചാബി മർദാനിൽ നിന്നാണോ അതോ അവിടുത്തെ പ്രാദേശിക സ്ഥലത്തു നിന്നാണോ. അവിടെ ശെയ്ഖുമുണ്ട്. അവരിൽ പെട്ടയാളാണോ?

ഉമർ റഷീദ്: പഞ്ചാബിയാണ്. ഞാൻ ശയ്ഖല്ല, എന്നാൽ, ശയ്ഖ് കുടുംബങ്ങൾ ഞങ്ങളുടെ ബന്ധുക്കളാണ്.

ഒരു വിദ്യാർഥി ബുർഹാനുദ്ദീൻ ഫയ്ളാൻ:എനിക്ക് ഒരു ചോദ്യമുണ്ട്. ഏതെങ്കിലും വിദ്യാർഥിക്ക് ജാമിഅയിൽ ഇല്ലാത്ത ഭാഷ പഠിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവന് പ്രസ്തുത ഭാഷ പഠിക്കാൻ കഴിയുമോ. ഇത് അവന് യോഗ്യമാണോ?

ഹുദൂർ: വിദ്യാർഥി ആദ്യം ജാമിഅയിലെ പഠനം പൂർത്തിയാക്കുക. അപ്പോൾ അയാളുടെ താൽപര്യം മനസ്സിലാകും. ജാമിഅ സംവിധാനത്തിനും പ്രിൻസിപ്പാളിനും അധ്യാപകർക്കും മനസ്സിലാകും. നിങ്ങളുടെ താല്പര്യം ഏതെങ്കിലും ഭാഷ പഠിക്കുന്നലേക്കാണെന്ന റിപ്പോർട്ട് കിട്ടുകയാണെങ്കിൽ അഥവാ നിങ്ങൾക്ക് സ്വയം വെളിപ്പെടുത്താവുന്നതുമാണ്. ജാമിഅ പാസ്സായതിന്നുശേഷം വിശകലനം നടത്തി ചിലരെ ഭാഷ പഠിപ്പിക്കുന്നതാണ്.

ഹുദൂർ ബുർഹാനുദ്ദീനോട്: നിങ്ങൾ അബിറ്റുർ(Abitur) ചെയ്തിട്ടുണ്ടോ?

ബുർഹാനുദ്ദീൻ: അബിറ്റുർ ചെയതിട്ടുണ്ട്.

ഹുദൂർ: എങ്കിൽ ശരി, യൂണിവേഴ്സിറ്റിയിലും അഡ്മിഷൻ ലഭിക്കാൻ എളുപ്പമാണ്. എന്നാൽ ജാമിഅ പാസ്സായതിന്നു ശേഷമേ വിലയിരുത്തൽ നടത്തി തീരുമാനം എടുക്കുകയുള്ളൂ. നിങ്ങൾ ജീവിതം സമർപ്പിച്ചു കഴിഞ്ഞു. സ്വന്തം കഴുത്ത് സമർപ്പിച്ചു കഴിഞ്ഞു. ഇനി കേവലം സ്വന്തം താല്പര്യം പ്രകടിപ്പിക്കുക മാത്രമേ സാധ്യമാകൂ. നിങ്ങൾ പ്രകടിപ്പിച്ച കാര്യം പൂർത്തിയാക്കാൻ അവസരം നല്കണോ വേണ്ടേ എന്ന തീരുമാനം എടുക്കേണ്ടത് സംവിധാനത്തിന്റെ ജോലിയാണ്. പൊതുവേ ആരെങ്കിലും ഭാഷ പഠിക്കാൻ താല്പര്യം കാണിച്ചാൽ അതിന്നുള്ള അവസരം നല്കാറുണ്ട്.

■ ഒരു വിദ്യാർഥി ചൗദരി അയാസ് അഹ്മദ്: സംസാരിക്കുമ്പോൾ ഏതെങ്കിലും മുറബ്ബിക്ക് വിക്കുണ്ടായാൽ അദ്ദേഹം എന്താണ് ചെയ്യേണ്ടത്. അതിനെ എങ്ങനെ നിയന്ത്രിക്കാൻ കഴിയും?

ഹുദൂർ: ആദ്യം ശാന്തമായി സംസാരിക്കുന്ന ശീലം ഉണ്ടാക്കുക. മെല്ലെ സംസാരിക്കുമ്പോൾ അത് ശരിയാകാറുണ്ട്. ചില മുറബ്ബിമാരുടെ സംസാരത്തിൽ ലഘുവായ രീതിയിൽ വിക്കുള്ളതായി കണ്ടിട്ടുണ്ട്. എന്നാൽ, അവർ പ്രസംഗിക്കാൻ നിൽക്കുമ്പോൾ വിക്കു അകലുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടാകുന്നു. എന്നാൽ, ഇത് കൂടുതലായുള്ള മുറബ്ബിമാരിൽനിന്നു മറ്റു ധാരാളം പ്രവൃത്തികൾ നമുക്ക് ചെയ്യിക്കാനുണ്ട, ചെയ്യാൻ സാധിക്കും. നിങ്ങളെക്കൊണ്ട് പ്രസംഗംതന്നെ ചെയ്യിക്കണമെന്ന് നിർബന്ധമൊന്നുമില്ല. വിക്കുള്ളവർ ചിലപ്പോൾ ധിറുതിയിൽ സംസാരിക്കാൻ ശ്രമിക്കുന്നു.അഥവാ വെപ്രാളത്തിൽ സംസാരിക്കുന്നു. അപ്പോൾ അത് കൂടുതൽ വർധിക്കുന്നു. സ്വയം സ്വല്പമൊന്ന് നിയന്ത്രിച്ചാൽ നല്ലൊരു പരിധിവരെ നിയന്ത്രണത്തിലാകുന്നു.

■ ഒരു വിദ്യാർഥി ഹാഫിൾ ഇഹ്തിശാം അഹ്മദ്: 2014-ൽ ജർമനിയിൽ വന്നു. റബ്‌വയിൽനിന്നു വിശുദ്ധ ഖുർആൻ ഹൃദിസ്തമാക്കിയെന്ന് ഹുദൂർ അന്വേഷിച്ചപ്പോൾ ഇഹ്തിശാം പറഞ്ഞു.

ഇഹ്തിശാം: എനിക്ക് ഒരു ചോദ്യമുണ്ട്. ഖലീഫത്തുൽ മസീഹിന്നുവേണ്ടി ദുആ ചെയ്യുമ്പോൾ ഹുദൂറിന്റെ കാഴ്ചപ്പാടിൽ ഒരാൾ ഏതു ദുആയാണ് ചെയ്യേണ്ടത്?

ഹുദൂർ: നിങ്ങളുടെ അഭിപ്രായത്തിൽ ഏത് ദുആയാണ് ചെയ്യേണ്ടത്? ഖലീഫത്തുൽ മസീഹിന്റെ പ്രവൃത്തികൾ മുന്നിൽവെച്ച് ദുആ ചെയ്യുക. ലക്ഷ്യങ്ങൾ പൂർത്തിയാകാൻ വേണ്ടി ദുആ ചെയ്യുക. നിങ്ങൾക്കുവേണ്ടി സ്വീകരിക്കപ്പെടാൻ ചെയ്യുന്ന ദുആകൾ ഒപ്പം ചെയ്യുക.

■ ഒരു വിദ്യാർഥി ചൗദരി ശഹ്റിയാർ നവാസ് 'വിസാ' കിട്ടാത്ത വിഷമത്തെ കുറിച്ച് ദുആക്കപേക്ഷിച്ചു.

ഹുദൂർ:അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.

■ ഒരു വിദ്യാർഥി ഹാഫിള് ലുഖ്മാൻ അഹ്മദ് കഴിഞ്ഞ രണ്ടു വർഷമായി കാലിലുള്ള വിഷമത്തെ സംബന്ധിച്ച് ഹുദൂറിനോട് ദുആക്കപേക്ഷിച്ചു. ഇപ്പോൾ കുറച്ച് ഭേദമുണ്ട്.

ഹുദൂർ:അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.

■ ഒരു വിദ്യാർഥി ഫിറോസ് അദീബ്:ലാഹോറിലെ ഗഢീ ശാഹുവാണ് എന്റെ സ്വദേശം. 2015-ൽ ജർമനിയിൽ വന്നു.

ഹുദൂർ:ഇവിടെഇഷ്ടപ്പെട്ടോ?

ഫിറോസ്:വളരെ ഇഷ്ടമായി.

ശേഷം പേജ് 12ൽ

പേജ് 5 ൽ നിന്ന്

പറഞ്ഞു: ഞാൻ ചന്ദ തന്ന് വീട്ടിലെത്തിയപ്പോൾ ചില സ്ഥലങ്ങളിൽനിന്ന് എനിക്കു പണം വന്നു. ഇപ്പോൾ ആയിരക്കണക്കിനു രൂപ എന്റെ കൈവശമുണ്ട്. എന്റെ ഈ പണം ആളുകളുടെ കൈയിൽ കുടുങ്ങികിടക്കുകയായിരുന്നു. ഇങ്ങനെയാണ് അല്ലാഹു അനുഗ്രഹം ചൊരിഞ്ഞത്.

ഇനി സമ്പന്നരുമുണ്ട്. ഭൗതികദൃഷ്ടിയിൽ അദ്ദേഹം അത്ര സമ്പന്നനല്ല. പക്ഷേ, ജമാഅത്തിന്റെ അടിസ്ഥാനത്തിൽ സമ്പന്നനാണ്. കരുളായിയിലെ ഒരു സാഹിബുണ്ട്. അദ്ദേഹം 10 ലക്ഷം രൂപ ചന്ദ നല്കി. അദ്ദേഹത്തിന്റെ ഭാര്യ ക്രൈസ്തവമതത്തിൽനിന്ന് അഹ്മദിയ്യത്തിൽ വന്നതാണ്. ദുആകളിലും നമസ്കാരങ്ങളിലും വളരെ ഉത്സാഹമാണ്. വലിയ മുഖ്‌ലിസാണ്. മൂസിയുമാണ്. എന്നല്ല ഭാര്യയും ഭർത്താവും മൂസിയാണ്. പറയുന്നു: ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അഞ്ചുലക്ഷം രൂപയുടെ ചെക്ക് മുറിച്ചു അവർക്കു കൊടുത്തു. ഇൻസ്പെക്ടർ പറഞ്ഞു: നിങ്ങളുടെ ഭർത്താവ് ആദ്യമെതന്നെ 10 ലക്ഷം രൂപ തന്നുകഴിഞ്ഞിരിക്കുന്നു. വീണ്ടും നിങ്ങളും നല്കുകയാണോ? അപ്പോൾ ആ സ്ത്രീയുടെ മറുപടി, ഞങ്ങൾക്ക് എന്തു അനുഗ്രഹവും ലഭിച്ചിട്ടുണ്ടെങ്കിലും അത് ചന്ദകളുടെ അനുഗ്രഹമൊന്നുകൊണ്ടുമാത്രമാണ് കിട്ടിയിട്ടുള്ളത്. അതുകൊണ്ട് വീണ്ടും വീണ്ടും ചന്ദ കൊടുക്കണമെന്നാണ് മനസ്സ് ആഗ്രഹിക്കുന്നത്. അതിന്റെ ബർക്കത്തുകൊണ്ടാണ് ഞങ്ങളുടെ ബിസിനസിൽ അനുഗ്രഹമുണ്ടാകുന്നത്. അതുകൊണ്ട് ഞങ്ങളൊരിക്കലും ചന്ദയിൽ പിന്തി നില്ക്കുകയില്ല.

മാലി(Mali)യിലെ മുബല്ലിഗ് എഴുതുന്നു:'കായി' എന്ന നഗരത്തിൽ ജമാഅത്തിന്റെ റേഡിയോ സ്റ്റേഷനിൽനിന്ന് സാമ്പത്തിക ത്യാഗത്തേയും വഖ്ഫുജദീദിന്റെ പ്രാധാന്യത്തേയും ഉദ്ദേശ്യലക്ഷ്യങ്ങളേയും കുറിച്ച് ഒരു പരിപാടി ചെയ്തിരുന്നു. അതിനുശേഷം പറയുന്നു: ജമാഅത്തുകളിൽ അതിനോടനുബന്ധിച്ച് പര്യടനം നടത്തി. എല്ലാ ജമാഅത്തുകളും തങ്ങളാൽ കഴിയുംവിധം പങ്കെടുത്തു. ഒരു പുതിയ അഹ്മദി പറഞ്ഞു: ചന്ദയെ പറ്റിയുള്ള ആഹ്വാനം കേട്ടപ്പോൾ എന്റെ കൈയിൽ രൊക്കം കൊടുക്കാൻ പൈസയൊന്നുമില്ലായിരുന്നു. തീർച്ചയായും ഞാനും എന്തെങ്കിലും അഹ്മദിയ്യാ ജമാഅത്തിന് നല്കുമെന്നും മറ്റുള്ളവരെക്കാൾ പിന്നിലാകില്ലെന്നും തീരുമാനിച്ചു. അദ്ദേഹം പറയുന്നു: ഞാൻ കാട്ടിൽപോയി. അവിടെനിന്ന് നല്ലവണ്ണം ഉണങ്ങിയ ഒരുപാട് വിറകു ശേഖരിച്ചു. അവിടെനിന്നു തന്നെ ആ വിറകുകൊണ്ട് കൽക്കരി ഉണ്ടാക്കി. അതുകൊണ്ട് നാട്ടിലെത്തി. ജമാഅത്തിന്റെ സംഘം പര്യടനത്തിനെത്തിയപ്പോൾ 20 ചാക്ക് കൽക്കരി ചന്ദയായി കൊടുത്തു. ആ സാധു മനുഷ്യനെക്കൊണ്ട് ആകുന്നതു ചെയ്തു. അത് 50000 ആയിരം ഫ്രാങ്കിന്റേതായിരുന്നു. അദ്ദേഹം പറയുന്നു: എനിക്കും ധനത്യാഗത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

പോളണ്ട് (poland)ൽ നിന്ന് ഒരു സാഹിബ് എഴുതുന്നു: മുറബ്ബി സാഹിബ് വർഷാവസാനം വഖ്ഫു ജദീദ് ചന്ദയെ പറ്റി ആഹ്വാനം ചെയ്തു. അദ്ദേഹം പറയുന്നു, എന്റെ കൈയിലാണെങ്കിൽ ഏകദേശം 100 സ്ലോറ്റി (Zloty) യാണുണ്ടായിരുന്നത്. ഇത് പോളിശ് കറൻസിയാണ്. അദ്ദേഹം പറയുന്നു: ആ ദിവസം 26-ാം തിയതി ഖാദിയാനിലെ ജലൽസയുമായിരുന്നു. എന്റെ പ്രസംഗവും അദ്ദേഹത്തിന് കേൾക്കണമായിരുന്നു. മൊബൈലിന്റെ പാക്കേജാണെങ്കിൽ തീരാൻ പോകുകയുമായിരുന്നു. അപ്പോൾപ്പിന്നെ പ്രസംഗം എങ്ങനെ കേൾക്കാനാണ്. അതും തീർച്ചയായും കേൾക്കണമെന്ന് എന്റെ മനസ്സ് ആഗ്രഹിക്കുന്നുണ്ടായിരുന്നു. എന്തായാലും ഞാൻ 20 സ്ലോറ്റി (Zloty)കൊണ്ട് മൊബൈയിൽ പാക്കേജ് ചെയ്തു. 28 സ്ലോറ്റി (Zloty)കൊണ്ട് ഞാനെന്റേയും മക്കളുടേയും ഭാര്യയുടേയും ചന്ദ കൊടുത്തു. ഇനിയുള്ള ദിവസങ്ങളിൽ ഒന്നും വാങ്ങുകയില്ലെന്ന് തീരുമാനിച്ചു. വീട്ടിലുള്ള സാധനങ്ങൾ കൊണ്ട് കഴിയുന്നതായിരിക്കും. പക്ഷേ, ഇനിയും പണമുണ്ടായിരുന്നെങ്കിൽ കുറച്ചുകൂടി ചന്ദ കൊടുക്കണമെന്നുണ്ടായിരുന്നു. ഞങ്ങൾ ദുആ ചെയ്തപ്പോൾ അല്ലാഹു അവന്റെ കൃപ ചൊരിഞ്ഞു. അദ്ദേഹം പറയുന്നു: 28 ഡിസംബറിന് ഞാൻ ജോലികഴിഞ്ഞ് തിരിച്ചു വരികയായിരുന്നു. എന്റെ ഒരു സ്നേഹിതൻ എനിക്ക് 12 സ്ലോറ്റി (Zloty)തരണമായിരുന്നു. തനിക്ക് ഓർമയുണ്ടായിരുന്നില്ലെന്നും ഇപ്പോൾ ഇത് താങ്കൾ ഇതു വാങ്ങണമെന്നും അദ്ദേഹം പറഞ്ഞു. വീട്ടിൽ വന്ന് ഞാൻ അക്കൗണ്ട് നോക്കി. അപ്പോൾ വിവിധ മാർഗങ്ങളിലൂടെ എങ്ങനെ 1290 സ്ലോറ്റി (Zloty) എന്റെ അക്കൗണ്ടിൽ വന്നുവെന്ന് അറിയില്ലായിരുന്നു. അദ്ദേഹം പറയുന്നു മൂന്നു വർഷമായി ഏതൊരു ഫാക്ട്രിയിലാണോ ഞാൻ ജോലി ചെയ്തിരുന്നത് അതിന്റെ ഉടമ വർധിച്ച് തുക ഒരിക്കലും തന്നിരുന്നില്ല. അതുകൊണ്ട് ചന്ദ വഖ്ഫുജദീദു കാരണത്താൽ ഈ തുക എന്റെ അക്കൗണ്ടിൽ വന്നതാണ്. ഇപ്രകാരം എനിക്ക് 1300 സ്ലോറ്റി (Zloty) കിട്ടി. പിന്നീട് ഞാൻ 300 സ്ലോറ്റി (Zloty) വീണ്ടും വഖ്ഫു ജദീദിൽ ചന്ദ കൊടുത്തു. അല്ലാഹുവിന്റെ മറ്റൊരു കൃപ ഇങ്ങനേയുമുണ്ടായി. എന്റെ മകൻ ജോലി ചെയ്തിരുന്ന സ്ഥലത്തു വർഷത്തിൽ ഒരു പ്രാവശ്യം ഒക്ടോബർ അല്ലെങ്കിൽ നവംബറിൽ ശംബള വർധന ഉണ്ടാകാറുണ്ട്. ഈ വർഷം ഒക്ടോബറിൽ ഒരു തവണ അവന്റെ ശംബള വർധന ഉണ്ടായതാണ്, പക്ഷേ, 31 ഡിസംബറിന് വീണ്ടും അവന്റെ ശംബള വർധനയുണ്ടായി. അദ്ദേഹം പറയുന്നു, ഇക്കാര്യം ഞങ്ങളുടെ ഈമാനും വർധിപ്പിച്ചു.

ടൻസാനിയ(Tanzania) റീജ്യണിൽ ശിയാങ്കയിൽ ഒരു ജമാഅത്തുണ്ട്. അവിടെ നവ അഹ്മദികൾ മെല്ലെ മെല്ലെ സാമ്പത്തിക സംവിധാനത്തിൽ ഭാഗമായിക്കൊണ്ടിരിക്കുകയാണ്. അവിടുത്തെ മുഅല്ലിം എഴുതുന്നു: ഒരു സുഹൃത്ത് റമളാൻ സാഹിബ് കഴിഞ്ഞ വർഷം ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം കഴിവനുസരിച്ച് തഹ്‌രീക്കെ ജദീദ് വഖ്ഫെ ജദീദ് ചന്ദ എഴുതിച്ചു. വർഷാവസാനമായപ്പോൾ തന്റെ വാഗ്ദാനത്തിന്റെ ഇരട്ടി അടയ്ക്കുകയും ചെയ്തു. ഇപ്രകാരംതന്നെ മറ്റൊരു അവസരത്തിൽ അദ്ദേഹംഫാമിലിയുടെ വകയായി ഒരു പ്ലോട്ടും ജമാഅത്തിന്റെ പേരിലാക്കി. ഗ്രാമത്തിൽനിന്ന് അകന്നു താമസിച്ചിരുന്നവരെ ഇതു വിസ്മയത്തിലാക്കി. ചിലർ തമാശയായി അദ്ദേഹത്തോടു പറഞ്ഞു: ഈയാൾ ഇപ്രകാരം എടുത്തു ചാട്ടത്തിൽവന്ന് തന്റെ ധനം ദീനിന്റെ മാർഗത്തിൽ നശിപ്പിക്കുന്നതാണ്. പക്ഷേ, യഥാർഥത്തിൽ അഹ്മദിയ്യ ജമാഅത്തിൽ ചേർന്നതുകൊണ്ട് മാത്രമാണ് അദ്ദേഹത്തിന് ധനത്യാഗത്തിന്റെ പ്രാധാന്യവും പൊരുളും മനസ്സിലായതെന്ന് അദ്ദേഹം മുഅല്ലിമിനോടു പറഞ്ഞു. അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹം ധനത്യാഗം ചെയ്യാൻ തുടങ്ങിയതുമുതൽ അദ്ദേഹത്തിന്റെ ജോലിയിൽ വളരെയധികം അനുഗ്രഹങ്ങളുണ്ടായി. ആളുകളെന്തു പറഞ്ഞാലും വേണ്ടില്ല, വാസ്തവത്തിൽ ഈ വർഷത്തിന്നിടയിൽ അദ്ദേഹത്തിന് വിവിധ സ്ഥലങ്ങളിൽ കൂടുതൽ പ്ലോട്ടുകൾ വാങ്ങാനും രണ്ടു വീടുകൾ നിർമിക്കാനും തൗഫീഖ് കിട്ടി. ഇതെല്ലാം അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തതിന്റേയും ഒരു പ്ലോട്ട് ജമാഅത്തിന്റെ പേരിലാക്കിയതിന്റേയും ബർക്കത്താണ്.

പിന്നീട് സിയറ ലിയോണിലെ(Sierra Leone) സംഭവമാണ്. ഈമാനിലും ഇഖ്‌ലാസിലും എങ്ങനെയാണ് പുതുവിശ്വാസികൾ അഭിവൃദ്ധിപ്പെടുന്നത്. അവരുടെ റീജ്യണായ പോർട്ടുലോക്കോ(Port Loko)യിലെ മിഷണറി ജിബ്‌രീൽ സാഹിബ് പറയുന്നു:പുതിയതായി ബയ്അത്ത് ചെയ്ത ഒരാളോടു വഖ്ഫുജദീദിനെക്കുറിച്ച് പറഞ്ഞു. പുതിയ ജമാഅത്ത് രൂപീകൃതമായതാണ്. പുതിയ അഹ്മദികളുടെ ജമാഅത്താണ്. ഇതിന്നിടയിൽ അന്ധയായ പ്രായം ചെന്ന ഒരു സ്ത്രീ ഒരു കുട്ടിയുടെ സഹായത്തോടെ എന്റെ അടുത്തെത്തി. അവർ പറഞ്ഞു: ഞാൻ വാഗ്ദാനമൊന്നും എഴുതിച്ചിട്ടില്ല. എന്നാൽ, ഞാൻ 2000 ലിയോൺ(Leone) വഖ്ഫു ജദീദ് ചന്ദ നല്കുന്നതിനുവേണ്ടി വന്നതാണ്. ലോക്കൽ മിഷണറി പറഞ്ഞു, നിങ്ങളെന്തിനാണ് വിഷമം സഹിച്ചു ഇങ്ങോട്ടുവന്നത്. എന്നെ വിളിച്ചാൽ പോരേ? ഞാൻ നേരിട്ട് നിങ്ങളുടെ അടുത്തെത്തുമായിരുന്നു. അപ്പോൾ അവർ മറുപടി നല്കി:വൃദ്ധയുടെ ഈ മറുപടി കേൾക്കുക! ദരിദ്രയാണ്. ബാഹ്യത്തിൽ നോക്കുമ്പോൾ അക്ഷരാഭ്യാസം ഇല്ലാത്തവരാണ്. അവർ പറയുന്നു: 'ഞാൻ കുറച്ചു തുക നല്കാനാണ് വന്നത്. അതും ഞാൻ എന്റെ വീട്ടിൽ വിളിച്ച് തരണോ? ഞാൻ എല്ലാ പ്രതിഫലവും കരസ്ഥമാക്കാനാഗ്രഹിക്കുന്നു. അതുകൊണ്ടാണ് നടന്നുവന്ന് തരാമെന്ന് കരുതിയത്.'

ഐവറികോസ്റ്റ്(Ivory Coast)ലെ സാൻപെഡ്രോ റീജ്യണിലെ മുബല്ലിഗ് പറയുന്നു: ജമാഅത്തിലെ ഒരംഗമാണ് കോലി ബാലി സാഹിബ്. അദ്ദേഹം പറയുന്നു: റമളാനിൽ എനിക്ക് ഫോൺചെയ്ത് വഖ്ഫു ജദീദിനേയും വഖ്ഫുജദീദ് ചന്ദയേയും കുറിച്ച് ചോദിച്ചു. റമളാനിൽ ചന്ദകൊടുക്കേണ്ടതും വർധനയോടുകൂടി കൊടുക്കേണ്ടതും നിർബന്ധമാണോ? നബി(സ)തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും റമളാനിലെ നടപടിക്രമം കൂടുതൽക്കൂടുതൽ ദൈവമാർഗത്തിൽ ചെലവഴിക്കുക എന്നതാണെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അതിന്റെ പ്രാധാന്യവും പറഞ്ഞുകൊടുത്തു. നിർബന്ധമല്ലെങ്കിൽ കൂടിയും നിങ്ങളുടെ കഴിവനുസരിച്ച് കൂടുതൽക്കൂടുതൽ സാമ്പത്തികാഹ്വാനങ്ങളിൽ റമളാനിൽ പങ്കാളിയാകേണ്ടതാണ്. ഏതായാലും നേരത്തെതന്നെ എല്ലാ മാസവും 20000 ഫ്രാങ്ക് കൊടുത്തുകൊണ്ടിരുന്ന അദ്ദേഹം റമളാനിൽ മാത്രമല്ല എല്ലാ മാസവും കൃത്യമായി തന്റെ കഴിഞ്ഞ് ലാസ്മി ചന്ദയോടൊപ്പം 30000 ഫ്രാങ്ക് അധികമായി നല്കുന്നതാണെന്നും വാഗ്ദാനം ചെയ്തു. കൂടുതൽ തുക പ്രത്യേകിച്ചും വഖ്ഫു ജദീദിന്റേയും തഹ്‌രീക്കെ

ജദീദിന്റേയും ചന്ദയായി നല്കുന്നതാണ്. ഇൻശാ അല്ലാഹ് ഈ വർഷം അവസാനിക്കുന്നതിനുമുമ്പേ കൂടുതൽ തുക ചന്ദ വഖ്ഫേ ജദീദ് വർധിപ്പിച്ചു നല്കാൻ പരിശ്രമിക്കുന്നതാണെന്നും വാഗ്ദാനം ചെയ്തു. മുബല്ലിഗ് പറയുന്നു:അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം റമളാൻ കഴിഞ്ഞതുമുതൽ ഇന്നുവരെ എല്ലാ മാസവും തുടക്കത്തിൽത്തന്നെ വളരെ ശ്രദ്ധയോടെ ലാസ്മിചന്ദകൾ അടച്ചുവരുന്നു.

ഇതു ഇസ്‌ലാമിക പ്രചാരണങ്ങളുടെ കാര്യമാണ്. ചെലവുകളുടെ കാര്യങ്ങളാണ് പറഞ്ഞത്. ഇവിടെ ഇതും കൂടി പറയട്ടെ കഴിഞ്ഞവർഷം അല്ലാഹു ജമാഅത്തിന് 187 മസ്ജിദുകൾ നിർമിക്കാനുള്ള തൗഫീഖ് നല്കി. ഇതുകൂടാതെ ആഫ്രിക്കയിൽ 105 മസ്ജിദുകൾ നിർമാണത്തിലാണ്. ഇപ്രകാരംതന്നെ 144 മിഷൻഹൗസുകൾ സ്ഥാപിച്ചു. അതിലധികവും ആഫ്രിക്കയിലാണ്. 45 മിഷൻഹൗസുകളുടെ നിർമാണ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ വേഗം മിഷൻഹൗസ് നിർമിക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ വാടകയ്ക്കും കെട്ടിടങ്ങൾ എടുത്തിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ 731 മിഷൻഹൗസുകളും മുറബ്ബിഹൗസുകളുമാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. മറ്റു ഏഷ്യൻ രാജ്യങ്ങളിൽ 632 മിഷൻഹൗസുകൾ വാടകയ്ക്കെടുത്തിരിക്കുന്നു. ചുരുക്കത്തിൽ വഖ്ഫുജദീദു ചന്ദയുടെ നല്ലൊരു പങ്കും ആഫിക്കൻ രാജ്യങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്.

മിഷൻഹൗസുകൾ നിർമിക്കുന്നതിനെപറ്റി പറയുകയുണ്ടായി. ഈ പണി അത്ര എളുപ്പത്തിൽ നടക്കാറില്ല. എല്ലാ ഭാഗത്തും എതിരാളുകളുടെ എതിർപ്പും നേരിടേണ്ടിവരുന്നുണ്ട്. എന്നാൽ, ഈ എല്ലാ ജോലിയും ജമാഅത്ത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്തുവരുന്നു. അല്ലാഹു ജമാഅത്തിന്റെ പുരോഗതിയെ പറ്റി വാഗ്ദാനം നല്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ പ്രത്യേക സഹായവും ലഭ്യമാകുന്നു.

കോംഗോ കിൻഷാസാ(Congokinshasa)യിലുള്ള ഒരു സംഭവം വിവരിക്കാം. അവിടുത്തെ മുബല്ലിഗ് എഴുതുന്നു: ഇവിടെ ബാന്ദുണ്ടോ (Bandundo) റീജ്യണിൽ ജമാഅത്ത് സ്ഥാപിതമായിട്ട് രണ്ടു വർഷമായി. മസ്ജിദ് നിർമാണം നടന്നു വരുന്നു. അവിടെ സുന്നി മുസ്‌ലിമീങ്ങൾ അഹ്മദികളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ നമുക്കെതിരിൽ പരാതി കൊടുക്കുന്നു. അതിൽ ഒരു കുറവുംവരുത്തുന്നില്ല. ഒരു പരിപാടിയും വിജയിക്കുന്നില്ലെന്ന് കണ്ടപ്പോൾ വധഭീഷണികൾ മുഴക്കാൻ തുടങ്ങി. ഏതായാലും എതിരാളികളികൾക്ക് ഒരു വിധത്തിലും വിജയം കിട്ടിയില്ല. മറുഭാഗത്ത് മസ്ജിദ് നിർമാണം നടന്നുകൊണ്ടിരുന്നു. ഒരു അഹ്മദി സുഹൃത്ത് അവിടെ നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. അദ്ദേഹം പറയുന്നു:മസ്ജിദ് നിർമാണത്തിന്നിടയിൽ അവിടെ യൂണിവേഴ്സിറ്റിയിലുള്ള ഒരു പ്രൊഫസർ നമ്മുടെ അടുത്തുവന്നു. അദ്ദേഹം ക്രിസ്ത്യാനിയാണ്. മസ്ജിദ് നിർമാണ പ്രവർത്തനങ്ങളിൽ നമ്മെ സഹായിക്കാൻ തുടങ്ങി. അഹ്മദികൾ ദൂര ദൂര സ്ഥലത്തുനിന്ന് മണൽചുമന്നുകൊണ്ടുവരുമ്പോൾ അദ്ദേഹവും അവരോടൊപ്പം കൂടി. ഇദ്ദേഹവും ഉന്തുവണ്ടിയും(Wheelbarrow) മറ്റും വലിക്കാൻ സഹായിക്കുന്നു. ഒരു ഭാഗത്ത് ശത്രുക്കൾ തങ്ങളുടെ സ്വഭാവം കാണിക്കുന്നു. മറുഭാഗത്ത് അല്ലാഹു അന്യമതസ്ഥർ മുഖേന സേവനവും ചെയ്യിക്കുന്നു. സൽപ്രകൃതക്കാരായ ആളുകൾ ഇങ്ങനേയും നമ്മുടെ അടുത്തവരുന്നു.

കാമറൂൺ(Cameroon) ലെ ഒരു സംഭവവമാണ്. അവിടെ ബയോഡസ് സഞ്ചിൽ(Biodes Senge) മുസ്‌ലിമീങ്ങളാണ് ഭൂരിപക്ഷവും. അവിടുത്തെ ഒരു നഗരമാണ് ഡൗആല(Douala). അവിടെ ഒരു മഹല്ലുണ്ട്. രണ്ടുവർഷം മുമ്പേയാണ് അവിടെ ജമാഅത്ത് സ്ഥാപിതമായത്. മസ്ജിദ് നിർമാണം ആരംഭിച്ചപ്പോൾ ആ പ്രദേശത്തെ അഡ്മിനിസ്ട്രേഷന്റെ ഭാഗത്തു നിന്ന് പണി നിറുത്തിവെക്കണമെന്ന് പറഞ്ഞ് കത്തു തന്നു. ജമാഅത്ത് നിർമാണ പ്രവൃത്തികൾ നിറുത്തിവെച്ചു. അന്വേഷിച്ചപ്പോൾ മുസ്‌ലിം സംഘടനകൾ ഗവർണർക്കും ബന്ധപ്പെട്ട അധികാരികൾക്കും 'ജമാഅത്ത് ഒരു ഭീകരസംഘടനയാണെന്നും ഇവർക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്നും അതുകൊണ്ട് മസ്ജിദ് നിർമിക്കാൻ പാടില്ലെന്നും പറഞ്ഞ് അപേക്ഷകൊടുത്തിരിക്കുന്നതായി മനസ്സിലായി. ഈ പ്രൊപ്പഗണ്ടകൾതന്നെയാണ് ഇസ്‌ലാമിക രാജ്യങ്ങളിൽ നടക്കുന്നത്. അവിടങ്ങളിൽ ഇവരുടെ മൗലവിമാർപോയി ഇതുതന്നെയാണ് ചെയ്യുന്നത്. ഏതായാലും ഇവരും കത്തയച്ചു. ദുആകൾ ചെയ്യാനും തുടങ്ങി. അധികാരികളെ ബന്ധപ്പെടുകയും ചെയ്തു. അദ്ദേഹം പറയുന്നു:ഒരു മാസത്തിനുള്ളിൽത്തന്നെ അഡ്മിസ്ട്രേറ്റർ ഓഫീസിൽ നമ്മളെ വിളിപ്പിച്ചു. വിവിധ മുസ്‌ലിം സംഘടനകളുടെ നേതാക്കളേയും ചീഫു ഇമാമുമാരേയും മറ്റുള്ളവരേയും വിളിപ്പിച്ചിരുന്നു. അഡ്മിസ്ട്രേറ്റർ ഒരു റിപ്പോർട്ടു വായിക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങളുടെ പരാതിയിലാണ് നിർമാണപ്രവൃത്തികൾ നിറുത്തിവെപ്പിച്ചത്. അദ്ദേഹം പറയുന്നു. ഞങ്ങൾ നിർമാണപ്രവൃത്തികൾ നിറുത്തിവെപ്പിച്ചെങ്കിലും കാമറൂണിലെ വിവിധസ്ഥലങ്ങളിൽനിന്ന് റിപ്പോർട്ട് ശേഖരിച്ചിരുന്നു. അഹ്മദിയ്യാ ജമാഅത്ത് ഒരു ഇന്റർനാഷണൽ ജമാഅത്താണെന്നും 200-ൽ അധികം രാജ്യങ്ങളിൽ ഇവർ പ്രവൃത്തിക്കുന്നുവെന്നും 15 വർഷമായി കാമറൂണിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കാമറൂണിൽ പലസ്ഥലത്തും ഇവർ മസ്ജിദ് നിർമിച്ചിട്ടുണ്ടെന്നും ദീനീസേവനം ചെയ്തു വരുന്നുണ്ടെന്നും സൃഷ്ടിസേവന പ്രവൃത്തികൾ ചെയ്തുവരുന്നുവെന്നും മനസ്സിലായി. ഇതു സംബന്ധിച്ച് അദ്ദേഹം പറഞ്ഞു: നാട്ടിലും മറ്റു സ്ഥലങ്ങളിലും നിരവധി സ്ഥലങ്ങളിൽ ശുദ്ധജലത്തിനുവേണ്ടി ബോർവെൽ നിർമിച്ചിട്ടുണ്ട്. പമ്പുകളും ഉണ്ടാക്കിയിട്ടുണ്ട്. ഇവർ അനാഥരേയും സംരക്ഷിക്കുന്നു. വിദ്യർഥികളെ പഠനത്തിൽ സഹായിക്കുന്നു. എപ്പോഴും ഭീകരവാദത്തിന്നെതിരെ സംസാരിക്കുന്നു. തുടർന്നു പറഞ്ഞു: ജമാഅത്ത് സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും പാഠങ്ങളാണ് നല്കുന്നത്. വാളുകൊണ്ടുള്ള ജിഹാദില്ലെന്നും പ്രത്യുത തൂലികകൊണ്ടുള്ള ജിഹാദാണെന്നും പറയുന്നു. ഇക്കാര്യങ്ങളെല്ലാം അദ്ദേഹം അവരോടു പറഞ്ഞു. പിന്നീട് ഇതും പറഞ്ഞു:വലിയ മുസ്‌ലിം നേതാക്കന്മാരും സുൽത്വാനും മറ്റുള്ളവരും അവരുടെ ജൽസകളിൽ പങ്കെടുക്കുന്നു. അതുകൊണ്ട് അവരെ മസ്ജിദ് നിർമാണത്തിൽനിന്ന് തടയാൻ ഒരു കാരണവുമില്ലതന്നെ. ഇവിടേയും അവർക്ക് മസ്ജിദ് നിർമിക്കാം. പറയുന്നു: അദ്ദേഹം റിപ്പോർട്ട് അവസാനിപ്പിച്ചപ്പോൾ ആ പ്രദേശത്തുള്ള എല്ലാ മുസ്‌ലിം നേതാക്കന്മാരും എഴുന്നേറ്റു നിന്ന് പറഞ്ഞു:ഇവർ കാഫിറുകളാണ്. ഞങ്ങൾ ഇവരെ കാഫിറായി മനസ്സിലാക്കുന്നു. ഞങ്ങളോടു ചോദിക്കാതെയാണ് താങ്കൾ റിപ്പോർട്ട് ഉണ്ടാക്കിയത്. ഞങ്ങൾ ഇതു അംഗീകരിക്കുകയില്ല.' അഡ്മിനിസ്ട്രേറ്റർ ദേഷ്യത്തോടെ പറഞ്ഞു:'എനിക്കെന്റെ ജോലി അറിയാം എല്ലാവരേയും ഇവിടെനിന്ന് കൊണ്ടുപോകുക.'അങ്ങനെ അവർ നിശബ്ദരായി. മസ്ജിദ് നിർമിച്ചുകൊള്ളാൻ ജമാഅത്തിനോടു അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങളുടെ നല്ല പ്രഭാവം സ്ഥാപിതമാകുമ്പോൾ എല്ലാ ബുദ്ധിമാന്മാരും ജമാഅത്തിനെ പ്രശംസിക്കാൻ നിർബന്ധിതരാകുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ അല്ലാഹു സഹായിക്കാൻ സൈന്യങ്ങളേയും അയക്കുന്നു. എതിരാളികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന എല്ലാ തടസ്സങ്ങളും അവൻ നേരിട്ടകറ്റുന്നു.

അല്ലാഹുവിന്റെ അനുഗ്രഹം എങ്ങനെയാണ് വർധിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒരു സംഭവം പറയാം. ഘാനയിലെ അപ്പർവെസ്റ്റ് റീജ്യണിലെ ഒരു റിപ്പോർട്ടുണ്ട്. പറയുന്നു: അവിടെ പ്രബോധന ഫലമായി അറുപതിലധികം ബയ്അത്തു ലഭിച്ചു. ഗ്രാമത്തിൽ ജമാഅത്ത് മൺകട്ടകൊണ്ടു നിർമിച്ച ഒരു മസ്ജിദുണ്ടായിരുന്നു. നമ്മളുടെ വിജയങ്ങൾ കണ്ടപ്പോൾ അനഹ്മദീ മുസ്‌ലിമീങ്ങൾ നമ്മുടെ മസ്ജിദിന് നേരെമുമ്പിൽ ഉറപ്പുള്ളതും മനോഹരവുമായ ഒരു മസ്ജിദ് നിർമിച്ചു. മസ്ജിദു മുഖേന നമ്മുടെ നവഅഹ്മദികളെ തങ്ങളിലേക്ക് ആകർഷിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ചില ദുർബല വിശ്വാസികൾ അവരിലേക്ക് പോകുകയും ചെയ്തു. പിന്നീട് ജമാഅത്ത് അവിടേയും മനോഹരമായ ഒരു മസ്ജിദ് നിർമിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ അംഗങ്ങൾ ഏതായാലും മസ്ജിദിൽ വരുന്നുണ്ട്. കൂടാതെ ഇപ്പോൾ അനഹ്മദികളും ധാരാളമായി നമ്മുടെ മസ്ജിദിൽ വരാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ മസ്ജിദ് നമസ്കാരക്കാരെക്കൊണ്ടു നിറയുന്നു. അവരുടെ മസ്ജിദ് കാലിയായികൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ വളരെ കുറച്ചാളുകളെ അവിടെയുള്ളു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നവഅഹ്ദികൾക്ക് ശിക്ഷണത്തിനുള്ള പ്രതിദിന ക്ലാസുകളും നടന്നുവരുന്നു. അങ്ങനെ ജമാഅത്തിന്റെ പുരോഗതിയിൽ ദിനേന അഭിവൃദ്ധിയും ഉണ്ടായികൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒട്ടനവധി സംഭവങ്ങളുണ്ട്. അല്ലാഹു സത്യമായ വാഗ്ദാനം ചെയ്യുന്നവനാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അദൃശ്യമായി സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് തന്റെ വഴിയിൽ ചെലവഴിക്കാൻ അല്ലാഹു നമുക്ക് അവസരം നല്കിക്കൊണ്ടിരിക്കുന്നു; അല്ലാഹുവിന്റെ ഫള്ലുകളുടെ അനന്തരാവകാശിയായിത്തീരുന്നതിനും!നമ്മൾ അല്ലാഹുവിന്റെ ഫള്ലുകൾ ആകർഷിച്ചെടുക്കുന്നവരാകുന്നതിന് അല്ലാഹു തൗഫീഖു നല്കുമാറാകട്ടെ.

ഇനി ഞാൻ കഴിഞ്ഞ വർഷത്തെ അതായത് 2021 ലെ വഖ്ഫെജദീദിന്റെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 64-ാം വർഷമാണ് കഴിഞ്ഞത്. 2022 ജനുവരിയിൽ പുതുവർഷം ആരംഭിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിതാണ്; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ഒരു കോടി 12 ലക്ഷത്തി എഴുപ്പത്തിയേഴായിരം പൗണ്ട് വഖ്ഫു ജദീദിനുവേണ്ടി ത്യാഗം ചെയ്യാൻ ജമാഅത്തിന് തൗഫീഖ് ലഭിച്ചു. ഏകദേശം 11.2 മില്യൺ. ഈ ത്യാഗം കഴിഞ്ഞ വർഷത്തെക്കാൾ 7 ലക്ഷത്തി 42 ആയിരം പൗണ്ട് കൂടുതലാണ്.

ലോകത്തിലെ സാമ്പത്തികാവസ്ഥ നോക്കുകയാണെങ്കിൽ ഇത് അല്ലാഹുവിന്റെ വലിയ ഫള്ലാണ്. ഈ വർഷവും ബ്രിട്ടൺ ലോകത്തിലെ ജമാഅത്തുകളിൽമൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഒന്നാംസ്ഥാനത്താകുന്നു. പാക്കിസ്താനിലെ കറൻസിയിൽ ഇടിവുണ്ടായി. അതുകൊണ്ട് അവരുടെ നില വളരെ താഴേക്ക് പോകുന്നു. എങ്കിലും തങ്ങളുടെ കഴിവനുസരിച്ച് ഒരുപാട് ത്യാഗങ്ങളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. എന്തായാലും പൊസിഷന്റെ അടിസ്ഥാനത്തിൽ ബ്രിട്ടൺ ഒന്നാം സ്ഥാനത്താണ്. രണ്ടാംസ്ഥാനത്ത് ജർമനിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബ്രിട്ടൺ ഈ വർഷം ഒരുപാട് നല്ല ത്യാഗം ചെയ്തു. ജർമനിയും ബ്രിട്ടണും തമ്മിൽ നല്ല വ്യത്യാസമുണ്ട്. മൂന്നാം സ്ഥാനത്ത് കനഡയാണ്. പിന്നീട് അമേരിക്ക. അതുകഴിഞ്ഞ ഭാരതം. ശേഷം ഓസ്ട്രേലിയ. പിന്നീട് ഇന്തൊനേഷ്യാ, പിന്നെ മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പിന്നീട് ഘാന, പിന്നെ ബെൽജിയം.

ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ അമേരിക്ക ഒന്നാംസ്ഥാനത്താണ്. പിന്നെ സ്വിറ്റ്സർലാന്റ്, പിന്നെ ബ്രിട്ടൺ.

ആഫ്രിക്കയിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഘാന ഒന്നാംസ്ഥാനത്ത്, രണ്ട് മൗറീഷ്യസ് (Mauritius), പിന്നെ നൈജീരിയ, തുടർന്ന് ബുർക്കിനാ ഫാസോ, ടൻസാനിയ, സിയറാലിയോൺ, ഗാംബിയ,യുഗാണ്ട(Uganda), അവസാനം 10-ാംസ്ഥാനത്ത് ബെനിൻ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പങ്കെടുത്തവരുടെ എണ്ണം 14,45,000 ആകുന്നു.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ പത്ത് ജമാഅത്തുകൾ(യഥാക്രമം) ഫാറൻഹം(Farnham), വൂസ്റ്റർ പാർക്ക് (Worcester Park), സൗത്ത് ചീം (South Cheam), ആൾഡർഷോട്ട്(Aldershot), ബർമിംഗ്ഹാം സൗത്ത്(South Birmingham), വാൽസാൽ(Walsall), ജില്ലിംഗ്ഹാം(Gillingham), ഗിൽഡ്ഫോൾഡ്(Guildford), യിവൽ (Ewell)

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 5 റീജ്യണുകൾ (യഥാക്രമം) ബയ്ത്തുൽ ഫുത്തൂഹ്, ഇസ്ലാമാബാദ്, മസ്ജിദ് ഫള്ൽ, ബയ്ത്തുൽ ഇഹ്സാൻ, മിഡ്ലാന്റ്സ്(Midlands)

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 10 ജമാഅത്തുകൾ (യഥാക്രമം) ഇസ്ലാമാബാദ് ഒന്നാം സ്ഥനത്താണ്. ആൾഡർഷോട്ട്(Aldershot), ഫാറൻഹം(Farnham), റൊഹംടൺ വാലി (Roehampton Vale), ഗിൽഡ്ഫർഡ്(Guildford), യിവൽ (Ewell), മിട്ച്ചം പാർക്ക്(Mitcham Park),ബയ്ത്തുൽ ഫുത്തൂഹ്(Baithulfutuh), വാൽസാൽ(Walsall), ബർമിംഗ്ഹാം സൗത്ത്(West Birmingham).

ചന്ദ പിരിച്ചതിന്റെ അടിസ്ഥാനത്തിൽ ജർമനിയിലെ അഞ്ച് ലോക്കൽ ഇമാറത്തുകൾ (യഥാക്രമം) ഹംബർഗ്(Hamburg), ഫ്രാങ്ക്ഫർട്ട്(Frankfurt), ഗ്രോസ് ഗ്രൗ (Gross Gerau), വേസ്ബാഡൻ(Wiesbaden), ഡസ്സൻബച്ച്(Dietzenbach)

ചന്ദ പിരിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ പത്ത് ജമാഅത്തുകളുടെ ലിസ്റ്റ്:റോഡർമാർക്(Rodermark), റോഡ്ഗൗ(Rodgau), ന്യൂയിസ്(Neuss), റോഡർഷെം (Rodersheim), മഹ്ദിയാബാദ് ഫ്രൈഡ് ബർഗ്(Friedberg), ഹനാഉ(Hanaue), ഫ്ലോർശെയിം(Florsheim), ഫ്രാങ്കൻഥാൽ(Frankenthal), കോബുലൻസ് (koblenz), നിഡ്ഡ(Nidda).

അത്ഫാൽ ലഡ്ജർ (യഥാക്രമം) ആദ്യത്തെ 5 റീജ്യണുകൾ:ഹംബർഗ്(Hamburg), സൗത്ത് വെസ്റ്റ് ഹെസ്സൻ(South West Hessen), ടൗണസ്(Taunus),ഹെസ്സൻ-മൈറ്റി(HessenMitte), റീൻലാന്റ്-ഫാൾസ്(RheinlandPfalz).

പിരിവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ ഇമാറത്തുകൾ; വഹാൻ (Vaughan), പിന്നീട് കൽഗരി(Calgary), പീസ്‌വില്ലേജ്(Peace Village), വങ്കൗർ(Vancouver), ബ്രംപ്ടൺ-വെസ്റ്റ്(Brampton West).

കനഡയിലെ പത്തു വലിയ ജമാഅത്തുകൾ. അവയിൽ ഒന്നാം സ്ഥാനത്ത് ഹദീഖയെ അഹ്മദ്, മിൽട്ടൺ വെസ്റ്റ്(Milton West),ബ്രഡ്ഫോർഡ്( Bradford),ഡർഹം(Durham), മിൽട്ടൺ ഈസ്റ്റ്(MiltonEast),റജീനാ(Regina),ഒട്ടാവ വെസ്റ്റ്,(Ottawa West),വിന്നിപെഗ്(Winnipeg), ഹമിൾടൺ മൗണ്ടൻ(Hamilton Mountain), അബോട്ട്സ്ഫോർഡ്(Abbotsford).

വ്യക്തമായ സ്ഥാനങ്ങൾ നേടിയ അത്ഫാലിന്റെ ഇമാറത്തുകൾ:വഹാൻ (Vaughan), പീസ്‌വില്ലേജ്(Peace Village),കൽഗരി(Calgary), ടൊറോന്റോ വെസ്റ്റ്(Troontowest),ബ്രംപ്ടൺ-വെസ്റ്റ്(Brampton West).

വ്യക്തമായ സ്ഥാനങ്ങൾ നേടിയ അത്ഫാലിന്റെ ജമാഅത്തുകൾ:ഒന്നാം സ്ഥാനത്ത് ഹദീഖയെ അഹ്മദ്, ബ്രഡ്ഫോർഡ്(Bradford),ഡർഹം (Durham),ലണ്ടൻ(London), മിൽട്ടൺ വെസ്റ്റ് (Milton West).

പിരിവിവന്റെ അടിസ്ഥാനത്തിൽ അമേരിക്കയിലെ 10 ജമാഅത്തുകൾ: മെരീലാന്റ്(Maryland), ലോസ് ഏഞ്ചൽസ്(Los Angeles), ഡെട്രോയിറ്റ്(Detroit), സിലിക്കൺ വാലി(Silicon Valley), ബോസ്റ്റൺ(Boston), ആസ്റ്റൺ(Aston), ഫോണിക്സ്(Phoenix), സൈറാകോസ്(Syracose), ലാസ്‌വേഗസ്(LasVegas),ഫിറ്റിച്ച്ബർഗ്(Fitchburge).

ദഫ്തർ അത്ഫാലിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 10 ജമാഅത്തുകൾ: മേരീലാന്റ്(Maryland), ലോസ് ഏഞ്ചൽസ്(Los Angeles), സിയാട്ടൽ(Seattle), ഓർലാന്റോ(Orlando), ആസ്റ്റൺ((Aston), സിലിക്കൺ വാലി(Silicon Valley), ഫോണിക്സ്(Phoenix), ഫിറ്റിച്ച്ബർഗ്(Fitchburg),ലാസ് വേഗസ്(LasVegas), സിയോൺ(Zion).

പാക്കിസ്താനിലെ ചന്ദ ബാലിഗാന്റെ ആദ്യമൂന്ന് ജമാഅത്തുകൾ: ലാഹോർ, റബ്‌വ, കറാച്ചി. ജില്ലകളുടെ പൊസിഷൻ ഇതാണ്, ഇസ്ലാമാബാദ്, ഫയ്സ്വലാബാദ്, ഗുജ്റാത്ത്, ഗുജറൻവാലാ, സർഗോദാ, മുൽത്താൻ, ഉമർക്കോട്ട്, ഹൈദ്രാബാദ്, മീർപൂർഖാസ്, ഡേറാഘാസിഖാൻ.

പിരിവിന്റെ അടിസ്ഥാനത്തിൽ ആദ്യ 10 ജമാഅത്തുകൾ:ഇസ്ലാമാബാദ് ടൗൺ, ഡിഫൻസ് ലാഹോർ, ടൗൺഷിപ്പ് ലാഹോർ, കിൽഫട്ടൺ കറാച്ചി, ദാറുദിക്ർ ലാഹോർ, മോഡൽടൗൺ ലാഹോർ, ഗുൽശനാബാദ് കറാച്ചി, സമനാബാദ് ലാഹോർ, അല്ലാമാ ഇക്ബാൽ ടൗൺ ലാഹോർ.

ദഫ്ത്തറെ അത്ഫാലിന്റെ മൂന്ന് വലിയ ജമാഅത്തുകൾ: ലാഹോർ, കറാച്ചി, റബ്‌വ.

ദഫ്ത്തറെ അത്ഫാലിൽ ജില്ലകളുടെ പൊസിഷൻ ഇതാണ്:ഇസ്ലാമാബാദ്, സിയാൽക്കോട്ട്, റാവൽപിണ്ടി, സർഗോദാ, ഫയ്സ്വലാബാദ്, ഗുജറാത്ത്, ഹൈദ്രാബാദ്, മീർപൂർ ഖാസ്, ഉമർകോട്ട്, നാരോവാൾ.

അസാധാരണമായി പ്രവർത്തനം കാഴ്ചവെച്ച ജമാഅത്തുകൾ:ഡർഗ് റോഡ് കറാച്ചി, നൂർപൂര ലാഹോർ, ഗുജ്റൻവാല ടൗൺ, ബയ്ത്തുൽഫള്ൽ ഫയ്സ്വലാബാദ്, പിശാവർ ടൗൺ, ദഹ്‌ലി ഗെയിറ്റ് ലാഹോർ, കോട്ട്ലി ആസാദ് കശ്മീർ, നങ്കാനസാഹിബ്.

ഇന്ത്യയിലെ സംസ്ഥാനങ്ങൾ:കേരളം, ജമ്മു കശ്മീർ, തമിഴ്നാട്, തെലുങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, പശ്ചിമബംഗാൾ, ഡൽഹി, മഹാരാഷ്ട്രാ

10 ജമാഅത്തുകൾ: ഹൈദ്രാബാദ്, ഖാദിയാൻ, കരുളായി, പത്തപ്പിരിയം, കോയമ്പത്തൂർ, ബാംഗ്ലൂർ, കൊൽക്കത്ത, കോഴിക്കോട്, ഋഷിനഗർ, മേലേപാളയം.

ഓസ്ട്രേലിയയിലെ ജമാഅത്തുകൾ(യഥാക്രമം) മൽബറൺ(Melbourne Langwarrin), കാസ്റ്റിൽ ഹിൽ(Castle Hill), മാഴ്സഡൺ പാർക്ക്(Marsden Park), എഡ്ഡീലഡ് സൗത്ത് (Adelaide South), മൽബറൺ ബേർവിക് (Melbourne Berwick), പേർത്ത്(Perth), പെൻറിത് (penrith), എഡ്ഡീലഡ് വെസ്റ്റ്(Adelaide West), ലോഗോൺ ഈസ്റ്റ് (Logan East).

ചന്ദ കൊടുക്കുന്ന മുതിർന്നവരുടെ ലഡ്ജർ പ്രകാരം ജമാഅത്തുകൾ(യഥാക്രമം); മൽബറൺ(Melbourne Langwarrin), കാസ്റ്റിൽ ഹിൽ(Castle Hill), മാഴ്സഡൺ പാർക്ക്(Marsden Park), മൽബറൺ ബെർവിക്(Melbourne Berwick), പെൻറിത് (penrith),മൗണ്ട് റോയിട്ട്(Mount Druitt), ബ്ലാക് ടൗൺ(Black Town), എഡ്ഡീലഡ് സൗത്ത്(Adelaide South), പേർത്ത്(Perth),കാൻബറാ (Canberra).

അത്ഫാലിൽ ഓസ്ത്രേലിയായിലെ ജമാഅത്തുകൾ:മൽബറൺ(Melbourne Langwarrin), എഡീലൈഡ് സൗത്ത്(Adelaide South), മൽബറൺ ബെർവിക്(Melbourne Berwick), ലോഗൺ ഈസ്റ്റ് (LoganEast), പേർത്ത്(Perth), കാസ്റ്റിൽ ഹിൽ(Castle Hill), മൽബറൺ ഈസ്റ്റ് (Melbourne East), മൗണ്ട് ഡ്രോയിട്ട്(Mount Druitt), പെൻറിത് (penrith), ബ്രിസ്ബെയിൻ സെൻട്രൽ(Brisbane Central).

ഇതാണവരുടെ പൊസിഷൻ. അല്ലാഹു ഈ ധനത്യാഗത്തിൽ പങ്കെടുത്തവരുടെ സമ്പത്തിലും ആയുസ്സിലും സീമാതീതമായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ.

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 10-17 February 2022 Issue-6,7

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)


**പേജ് 1 ൽ നിന്ന്**

മുസ്വീബത്ത് ഉഠായേംങ്കെ ഹം'എന്ന ഹദ്റത്ത് ഖലീഫത്തിൽമസീഹ് ഥാനിയുടെ പദ്യത്തിലെ തിരഞ്ഞെടുത്ത വരികൾ വജീഹ ബിശാറത്ത് സാഹിബ ആലപിച്ചു. തുടർന്ന് രണ്ടാമതായി സ്വദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത് ബുശ്റാ പാശാ സാഹിബ പ്രസംഗിച്ചു. 'അഹ്മദീ സ്ത്രീകളുടെ ത്യാഗങ്ങൾ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ഖുത്വ്ബകളുടെ വെളിച്ചത്തിൽ'എന്നതായിരുന്നു പ്രസംഗം വിഷയം. അതിനുശേഷം യോഗാധ്യക്ഷൻ സമാപന പ്രഭാഷണം നടത്തി. അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് ഭാരതത്തിലെ ലജ്ന ഇമാഇല്ലായുടേയും നാസ്വിറാത്തുൽ അഹ്മദിയ്യായുടേയും വാർഷിക ഇജ്തിമാഅ്ന്റെ അവസരത്തിൽ അയച്ച സന്ദേശത്തെ ആസ്പദമാക്കി സ്വദ്ർ സാഹിബ ഉപദേശിച്ചു. ദുആയ്ക്കു ശേഷം ജൽസായുടെ പരിപാടികൾ സമാപിച്ചു. ഇംഗ്ലീഷ്, തമിൾ, മലയാളം എന്നീ ഭാഷകളിൽ തർജമയ്ക്കുള്ള സംവിധാനമുണ്ടായിരുന്നു. കണ്ണൂർ- കാസർഗോഡ് ജില്ല സ്വദ്ർ ജുവയ്രിയ ഗോഹർ സാഹിബയാണ് മലയാളവിവർത്തനം നിർവഹിച്ചത്. പ്രസംഗങ്ങൾ തമിഴിൽ ഭാഷാന്തരം ചെയ്തത് നജ്മ ത്വാരിഖ് സാഹിബയും ശാഹിന മുബാറക് സാഹിബയുമായിരുന്നു. ഇംഗ്ലീഷിൽ തൽസമയ തർജമ ചെയ്തത് മലീഹ ശമീം സാഹിബയായിരുന്നു.

❁❁❁❁❁

22 ഡിസംബർ മുതൽ 28 ഡിസംബർവരെ മസ്ജിദ് അഖ്സ്വായിലും മസ്ജിദ് അൻവാറിലും ജൽസയുടെ മൂന്നു ദിവസം ഖാദിയാനിലെ എല്ലാ മസ്ജിദുകളിലും ജമാഅത്തോടുകുടി തഹജ്ജുദ് നമസ്കരിക്കാനുള്ള ഏർപാടുകൾ ചെയ്തിരുന്നു. തഹജ്ജുദിനുമുമ്പേ ലൗഡ് സ്പീക്കറിലൂടെ സ്വലാത്തും പരിശുദ്ധമായ പദ്യങ്ങളും ചൊല്ലി ആളുകളെ ഉണർത്തുന്നതിനുള്ള സംവിധാനം തർബിയ്യത്ത് വിഭാഗം ചെയ്തിരുന്നു. സ്വുബ്ഹി നമസ്കാരത്തിനുശേഷം തഫ്സീറെ കബീറിൽനിന്ന് ദർസ് കേൾപ്പിക്കാനും സൗകര്യമൊരുക്കിയിരുന്നു. ഖാദിയാനിലെ മഹല്ല് മുഴുവനും ജൽസാഗാഹിലും ദിവ്യവചനങ്ങൾകൊണ്ട് അലംകൃതമായ ബാനറുകൾ പതിച്ചിരിന്നു.

❁❁❁❁❁

സർക്കാറിന്റെ ഗൈഡ്ലൈൻ അനുസരിച്ച് ഒരു venueൽ 700 എന്ന കണക്കനുസരിച്ച് പുരുഷവിഭാഗം ജൽസാഗാഹിന്റെ രണ്ടു വെവ്വേറെ പന്തലുകൾ 700 വീതം ആളുകൾക്കായി തയ്യാറാക്കിയിരുന്നു. 700 സ്ത്രീകൾക്കും ഇരിക്കാനുള്ള ഏർപാടു ചെയ്തിരുന്നു. ഈ വർഷം എല്ലാവർക്കും കസേരയിൽ ഇരിക്കാനുള്ള ഏർപാടാണ് ചെയ്തിരുന്നത്. പുരുഷവിഭാഗം ജൽസാഗാഹിൽ രണ്ടും സ്ത്രീവിഭാഗം ജൽസാഗാഹിൽ ഒന്നും വലിയ സൈസിലുള്ള LED മുഖേന ജൽസാ കേൾക്കുന്നതിനുള്ള സംവിധാനം ചെയ്യപ്പെട്ടിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പൂർണമായും പാലിച്ചുകൊണ്ടാണ് എല്ലാ പരിപാടികളും നടന്നത്. ജൽസാഗാഹിൽ ആറടി അകലത്തിലാണ് കസേരകൾ ഇട്ടിരുന്നത്.

❁❁❁❁❁

കാലാവസ്ഥ നിരീക്ഷകരുടെ പ്രവചനമനുസരിച്ച് 2021 ഡിസംബർ 26 ന് മഴയുണ്ടായിരുന്നു.ഉൽഘാടന പരിപാടി അവസാനിക്കുന്നതിനുമുമ്പേ മഴ ചാറാൻ തുടങ്ങി. രണ്ടാമത്തെ യോഗത്തിൽ ഹുദൂറിന്റെ സമാപന പ്രഭാഷണം തൽസമയം നടക്കേണ്ടതുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് വലിയ ആശങ്കയായിരുന്നു. ആദ്യ മീറ്റിംഗിന്റെ റിപ്പോർട്ട് അയച്ചുകൊണ്ട് കാലാവസ്ഥ നന്നായി ഇരിക്കുന്നതിനുവേണ്ടി ദുആ ചെയ്യാൻ ഹുദൂറിനോടു അപേക്ഷിച്ചിരുന്നു. ഹുദൂർ അൻവറിന്റെ ദുആകൾകാരണത്താൽ കാലാവസ്ഥ എല്ലാ വിധത്തിലും നല്ലതായിനിന്നു. മഴ പെയ്തില്ല. അതുകൊണ്ട് ജൽസാഗാഹ് ആദ്യമെ തന്നെ നിറഞ്ഞിരുന്നു. ശ്രോതാക്കൾക്ക് വളരെ ശ്രദ്ധയോടെ പരിപാടികൾ കേൾക്കാൻ കഴിഞ്ഞു. അൽഹംദുലില്ലാഹി അലാ ദാലിക്.

❁❁❁❁❁

ജൽസാസാലാനയുടെ എല്ലാ പരിപാടികളും തൽസമയ സ്ട്രീമിംഗ് മുഖേന കാണിച്ചു കൊണ്ടിരുന്നു. ഇതിൽനിന്ന് ഇന്ത്യയിലെ ജമാഅത്തുകൾ മാത്രമല്ല, വിദേശരാജ്യങ്ങളും പ്രയോജനമെടുത്തു. സമീ- ബസ്വ്രി വകുപ്പിന്റെ കണക്കുപ്രകാരം ഒരു ലക്ഷത്തി ആറായിരത്തി അറുനൂറ്റി നാൽത്തിയാറ് ജൽസാസസാലാന പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തു.

❁❁❁❁❁

ഈ വർഷം അതിഥികൾക്ക് താമസിക്കുന്നതിന് 15 സ്ഥലങ്ങൾ ഏർപാടാക്കിയിരുന്നു. ഇത് ഇന്ത്യയിൽനിന്നുള്ള അതിഥികൾ മാത്രമല്ല വിദേശ രാജ്യങ്ങളിൽനിന്ന് വന്ന അതിഥികളും പ്രയോജനപ്പെടുത്തി. 34 നല്വാമത്തുകളുടെ നാള്വിമീൻ, നാഇബ് നാള്വിമീൻ മുആവിനീൻ എന്നിവർ രാപകൽ സേവനത്തിൽ നിരതരായിരുന്നു.

❁❁❁❁❁

ജൽസാഗാഹിൽ ജൽസാ പരിപാടികൾ ഇംഗ്ലീഷ്, ബംഗ്ല, കന്നഡ, മലയാളം, തമിഴ്, തെലുങ്കു തുടങ്ങി 6 ഭാഷകളിൽ തൽസമയ തർജമ ചെയ്യപ്പെട്ടു. സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസിന്റെ ഖുത്വ്ബ ജുമുഅയുടേയും സമാപന പ്രഭാഷണത്തിന്റേയും തൽസമയ തർജമ ചെയ്യപ്പെട്ടിരുന്നു. ലൈവ്സ്ട്രീം മുഖേന സംപ്രേഷണം ചെയ്ത പരിപാടികളുടെ മലയാളം തമിഴ് ഭാഷയിലുള്ള തൽസമയതർജമയും നടന്നിരുന്നു. ലജ്ന ഇമാഇല്ലായുടെ ജൽസ കാര്യപരിപാടികളും 5 ഭാഷകളിൽ തർജമ ചെയ്യപ്പെട്ടിരുന്നു.

❁❁❁❁❁

സ്ത്രീകളുടെ താമസത്തിന് ഗസ്റ്റ് ഹൗസ് നമ്പർ ഒന്നും രണ്ടും തയ്യാറാക്കിയിരുന്നു. ജമ്മുകശ്മീർ, പഞ്ചാബ്, കേരള, കർണാടക, ആന്ധ്രാപ്രദേശ്, ഹിമാചൽ പ്രദേശ് തുടങ്ങി 6 സംസ്ഥാനങ്ങലിൽനിന്നുള്ളവർ ഇവിടെയാണ് താമസിച്ചത്. ഡിസംബർ 21 ന് പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പരിശോധന നടന്നു. അതിൽ എല്ലാ പ്രവർത്തകരും പങ്കെടുത്തിരുന്നു. ഹുദൂർ അൻവറിന്റെ പ്രതിനിധി സ്ത്രീകൾക്കുള്ള താമസസ്ഥലവും പരിശോധിക്കുകയും അത്യാവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു. സെക്യൂരിറ്റി വകുപ്പിന്റെ കീഴിൽ ഗെയ്റ്റ് ദാറുൽമസീഹ്, ബിഹിശ്തി മഖ്ബറ ഗെയ്റ്റ്, സ്ത്രീകൾക്കുള്ള താമസസ്ഥലം, സ്ത്രീകളുടെ ജൽസാഗാഹ് തുടങ്ങിയ സ്ഥലങ്ങളിൽ കാവൽ ഏർപെടുത്തി. സ്ത്രീകളുടെ സ്ഥലങ്ങളിൽ ലജ്ന ഇമാഇല്ലാഹ് ഭാരതിന്റെ കീഴിലായിരുന്നു കാവലേർപ്പെടുത്തിയിരുന്നത്. നമസ്കാര സമയങ്ങളിലും മറ്റു പരിപാടികൾ നടക്കുമ്പോഴും ലജ്ന ഇല്ലാഹ് അംഗങ്ങൾ ഡ്യൂട്ടികൾ നിർവഹിച്ചുകൊണ്ടിരുന്നു.

❁❁❁❁❁

ഈ അവസരത്തിൽ ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽനിന്നും എത്തിയിരുന്ന മുബല്ലിഗുമാർ, അമീറുമാർ, പ്രസിഡന്റുമാർ എന്നിവരോടൊപ്പം നാളിർ അഅ്ലാ സാഹിബും നാഇബ് നാളിർ അഅ്ലാ സാഹിബ് ജുനൂബി ഹിന്ദും മീറ്റിംഗുകൾ നടത്തി. അവർ ആവശ്യമായ നിർദേശങ്ങൾ നല്കി. ഇപ്രകാരം അഹ്മദിയ്യാ മെഡിക്കൽ അസോസിയേഷൻ ഒഫ് ഇന്ത്യയുടെ ഒരു മീറ്റിംഗും നടക്കുകയുണ്ടായി. അതിൽ ഇന്ത്യയിൽനിന്നുള്ള ഡോക്ടർമാർ പങ്കെടുത്തു.

❁❁❁❁❁

ജൽസയുടെ അനുഗൃഹീത അന്തരീക്ഷത്തിൽ തങ്ങളുടെ മക്കളുടെ വിവാഹവിളംബരം നടക്കണമെന്നും അഹ്മദികൾക്ക് ആഗ്രഹമുണ്ടാകാറുണ്ട്. ജൽസയുടെ രണ്ടാം ദിവസം മഗ്രിബ്- ഇശാ നമസ്കാരത്തിനുശേഷം മസ്ജിദ് ദാറുൽ അൻവാറിൽ നിക്കാഹുകളുടെ വിളംബരവും നടന്നു.

❁❁❁❁❁

ജൽസസാലാനയുടെ ഒരു പ്രധാന വകുപ്പാണ് 'ശുഅ്ബ ഖിദ്മത്തെ ഖൽഖ്.' ഇതിനുകീഴിൽ അടിസ്ഥാനപരമായ നിലയിൽ അച്ചടക്കപരവും സുരക്ഷാപരവുമായ ഡ്യൂട്ടികളാണ് നല്കപ്പെടുന്നത്. ഇപ്രാ വശ്യം 500 സന്നദ്ധ സേവകരായ ഖുദ്ദാമാണ് ഡ്യൂട്ടി നല്കിയത്. ഇതുപോലെ തന്നെ അൻസ്വാറിന്റേയും ലജ്ന ഇമാഇല്ലായുടേയും ഓരോ ടീമും സൃഷ്ടിസേവനം ചെയ്തുകൊണ്ടിരുന്നു. ഈ വർഷം സൃഷ്ടിസേവന വകുപ്പിന്റെ കീഴിൽ എല്ലാ അതിഥികളുടേയും കോവിഡ് ടെസ്റ്റ് നടത്തി. ഇതിന്റെ ഫലം വന്നതിനുശേഷമാണ് രജിസ്ട്രേഷൻ കാർഡ് ഇഷ്യു ചെയ്തത്. അതിനുശേഷമാണ് താമസസ്ഥലത്തു പോകാൻ അതിഥികൾക്ക് അനുവാദം നല്കിയത്. ഖുദ്ദാം അച്ചടക്കപരമായ കാര്യങ്ങൾ നോക്കുന്ന ഡ്യൂട്ടികൾ നല്കി. ദാറുൽമസീഹ്, ബിഹിശ്തി മഖ്ബറ, ജൽസാഗാഹ് തുടങ്ങിയ സ്ഥലങ്ങളിലും ഖാദിയാനിലെ എല്ലാ കേന്ദ്ര മസ്ജിദുകളിലും എല്ലാ താമസസ്ഥലങ്ങളിലും പ്രവേശന വഴികളിലും ഖുദ്ദാം സ്ഥിരമായി ഡ്യൂട്ടികൾ നല്കിയിരുന്നു. ഇപ്രകാരം അൽഖുർആൻ എക്സിബിഷൻ, അന്നൂർ എക്സിബിഷൻ, ഫോട്ടോ പ്രദർശന സ്ഥലങ്ങളിൽ ഇതുപോലെതന്നെ ദാറുൽ ബയ്അത്ത് ലുധിയാന, മകാൻ ചില്ലാകശി ഹോശിയാർപൂർ തുടങ്ങിയ സ്ഥലങ്ങളിലും ഖുദ്ദാമിന് ഡ്യൂട്ടികൾ നല്കിയിരുന്നു. വിളംബരങ്ങൾ ചെയ്യാനുള്ള ഓഫീസും സ്ഥാപിച്ചിരുന്നു. ഫസ്റ്റെഡിനും എമർജിൻസിക്കുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു റലറശരമലേറ ഠലമാ ഉം ഉണ്ടായിരുന്നു. അവർ അതിഥികൾക്ക് സൗകര്യമൊരുക്കുന്നതിനും ആശ്വാസം നല്കുന്നതിനും വേണ്ടി പ്രവർത്തിച്ചിരുന്നു. മസ്ജിദുകളിലും ജൽസാഗാഹിലും തമാസസ്ഥലങ്ങളിലും ശുചീകരണപ്രവർത്തനത്തിനായും ഒരു ടീം പ്രവൃത്തിച്ചിരുന്നു.

അല്ലാഹു ഈ ജൽസാ എല്ലാ വിധത്തിലും നന്മകൾക്കും അനുഗ്രഹങ്ങൾക്കുനിമിത്തമാക്കുമാറാകട്ടെ. എല്ലാ സേവകർക്കും നന്മകളും അനുഗ്രഹങ്ങളും നല്കുമാറാകട്ടെ. ആമീൻ

❁❁❁❁❁

**പേജ് 8 ൽ നിന്ന്**

ഹുദൂർ ചോദിച്ചപ്പേൾ ഫിറോസ് പറഞ്ഞു: ജർമൻ ഭാഷ പഠിക്കാൻ ശ്രമിച്ചു വരുന്നു.

ദർജ ശാഹിദിന്റെ പരീക്ഷാ വിജയത്തിനുവേണ്ടി ഫിറോസ് ദുആക്കപേക്ഷിച്ചു.

■ ഒരു വിദ്യാർഥി:എന്റെ പേര് സമീർഖാൻ എന്നാണ്. 2013- ൽ പാക്കിസ്താനിൽനിന്നു വന്നു. നാരോവാൾ ഡേറാവാളിൽനിന്നുമാണ് വന്നതെന്ന് ഹുദൂർ ചോദിച്ചപ്പോൾ സമീർഖാൻ മറുപടി പറഞ്ഞു.

ഹുദൂർ: ഖാന്മാരിൽപെട്ടവരെല്ലാം കച്ചവടക്കാരാണ്. നിങ്ങളുടെ എല്ലാ ബന്ധുക്കളും കച്ചവടക്കാരായിരിക്കുമ്പോൾ നിങ്ങളെങ്ങനെ മുറബ്ബിയായി?

സമീർഖാൻ: മുറബ്ബി ആകണമെന്നത് എന്റെ ആഗ്രഹമായിരുന്നു.

ഒരു വിദ്യാർഥി: എന്റെ പേര് അബ്ദുർറാഫിഅ് പുതിയതായി പാക്കിസ്താനിൽനിന്നു വന്നതാണ്.

2014- ൽ ജർമനിയിൽവന്നുവെന്ന് ഹുദൂർ തിരക്കിയപ്പോൾ റാഫിഅ് മറുപടി നല്കി.

റാഫിഅ്: എന്റെ ചോദ്യം ഇതാണ്. നമസ്കാരം ഖളായായാൽ(ഉദ്ദേശ്യം ഖസ്വ്ർ) പ്രദേശവാസികൾക്ക് രണ്ടു റക്അത്തുകൾ പൂർത്തിയാക്കേണ്ടി വരുന്നു. ഈ രണ്ടു റക്അത്തുകളിൽ സൂറ ഫാത്തിഹക്ക് പുറമെ ഏതെങ്കിലും സൂറത്ത് ഓതേണ്ടതുണ്ടോ?

ഹുദൂർ:ഖളാ നമസ്കാരത്തിനു ശേഷമുള്ള 2 റക്അത്തുകളുമായി എന്ത് ബന്ധം? (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin